# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചാലക്കുടി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്. എ. ടി.എസ്.ആർ (എം3)/190/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചാലക്കുടി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ.കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം ( ഇമെയിൽ മുഖേന)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തൃശ്ശൂർ( ഇമെയിൽ മുഖേന)
3)കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്. എ. ടി.എസ്.ആർ (എം3)/190/2026 തീയ്യതി: 31/03/2026

## തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) ) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2025 മുതൽ 31-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ. കെ. | ജോയിന്റ് ഡയറക്ടർ | 11-02-2026 | 26-02-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-02-2026 | 26-02-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നിരമ്മൽ കെ. ജി., ഓഡിറ്റ ഓഫീസര (ഹ. ഗ്രേ.)
ശ്രീ.ജോഷി സി. ജെ., ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു പി ഡാംസൺ (ഓഡിറ്റ് ഓഫീസർ)
ശ്രീ.ജോയ്സൻ സി. ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഷ കെ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിലൂഫർ ബി.ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ ദിലീപ്, സീനിയർ ഗ്രേഡ് ഓഡിറ്റർ (11.02.2026 തിയതിയിൽ മാത്രം)
ശ്രീമതി.റിതുമോൾ എം.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എബി ജോർജ്ജ് | ചെയർമാൻ | 01-04-2024 | 20-01-2025 |
| ആലീസ് ഷിബു (ഇൻചാർജ്) | ചെയർമാൻ | 21-01-2025 | 05-02-2025 |
| ഷിബു വാലപ്പൻ | ചെയർമാൻ | 06-02-2025 | 31-03-2025 |
| സന്ദീപ് കുമാർ വി. എസ്. | സെക്രട്ടറി | 01-04-2024 | 02-12-2024 |
| ഷബാന കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-12-2024 | 12-01-2025 |
| പ്രമോദ് കെ. | സെക്രട്ടറി | 13-01-2025 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിബിന എം. എം. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. സ്മിത തോമസ് കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| മിനി ഇ. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| തോമസ് കെ. സി. | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീജ ഐ. എൻ. | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, ചാലക്കുടി) | 01-04-2024 | 31-03-2025 |
| ഡോ. മോളി | സീനിയർ വെറ്ററിനറി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ആന്റണി | സർജൻ (റിട്ട.) | | |
| ഡോ. മിനിമോൾ | സൂപ്രണ്ട് അസിസ്റ്റന്റ് ഡയറക്ടർ, താലൂക്ക് ആശുപത്രി, ചാലക്കുടി | 01-04-2024 | 31-03-2025 |
| ബിന്ദു എ. എം | പ്രിൻസിപ്പൽ, ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂൾ, ചാലക്കുടി | 01-04-2024 | 24-12-2024 |
| കമല എം. വി. | പ്രിൻസിപ്പൽ, ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്ക്കൂൾ, ചാലക്കുടി | 25-12-2024 | 31-03-2025 |
| സുഭാഷ് കെ. എസ്. | മുനിസിപ്പൽ എഞ്ചിനീയർ, ചാലക്കുടി | 01-04-2024 | 31-03-2025 |
| ബിന്ദു ലോനപ്പൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| രേഖ ഡൊമനിക് | പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ്, ചാലക്കുടി | 01-04-2024 | 30-05-2024 |
| ബിന്ദു ഇ. എം. | പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ്, ചാലക്കുടി | 01-06-2024 | 31-03-2025 |
| ബിജി എസ്. | ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.എസ്,വി.ആർ പുരം | 01-04-2024 | 31-03-2025 |
| ഷബാന കെ. | അസിസ്റ്റന്റ് എഞ്ചിനീയർ, ചാലക്കുടി | 01-04-2024 | 31-03-2025 |
| സുരേഷ്കുമാർ.സി | ഹെൽത്ത് ഓഫീസർ | 01-04-2024 | 31-03-2025 |
| ദിജി.ടി.ഡി | പ്രൊജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | സ്ഥിരനിക്ഷേപം സംബന്ധിച്ച അപാകതകൾ | 1-1-2 |
| 4 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | നഗരസഭ സ്റ്റേഡിയവുമായി ബന്ധപ്പെട്ട 27 കോടി രൂപയുടെ ബാധ്യത വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ 51,07,800 രൂപയുടെ നീക്കിയിരിപ്പ് . | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-8 |
| 10 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ | 1-1-9 |
| 11 | ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-11 |
| 13 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ്- ചെലവ് രേഖപ്പെടുത്തുന്നതിലെ അപാകതകൾ | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ഫണ്ട് വിനിയോഗം | 1-3 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | ക്ഷേമ പദ്ധതികൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 22 | ക്യാഷ് ബുക്കിൽ കോടികളുടെ നെഗറ്റീവ് നീക്കിയിരിപ്പ് | 1-9 |
| 23 | തൊഴിൽ നികുതി- അപാകങ്ങൾ | 1-10 |
| 24 | വാടക കുടിശ്ശിക -നടപടികൾ സ്വീകരിക്കണം | 1-11 |

| | | |
|---|---|---|
| 25 | രേഖകളില്ലാതെ പെർമിറ്റ് റീഫണ്ട് ചെയ്തു | 1-12 |
| 26 | ഉപയോഗ ഗണം മാറിയതിനുള്ള പെർമിറ്റ് ഫീ ഈടാക്കാതെ പെർമിറ്റ് റിവൈസ് ചെയ്തു. | 1-13 |
| 27 | പിരിച്ചെടുത്ത തുകകൾ അടവാക്കുന്നില്ല | 1-14 |
| 28 | ലൈസൻസ് അപാകങ്ങൾ | 1-15 |
| 29 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ് | 1-16 |
| 30 | UA കെട്ടിടങ്ങളുടെ കുടിശ്ശിക -അപാകങ്ങൾ | 1-17 |
| 31 | റവന്യു ഡിമാന്ററിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു | 1-18 |
| 32 | വിനോദ നികുതി ഈടാക്കുന്നത് സംബന്ധിച്ച അപാകതകൾ | 1-19 |
| 33 | മുൻകൂർ തുക നൽകിയത് ക്രമീകരിച്ചിട്ടില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 34 | മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല | 1-21 |
| 35 | RRF ലേക്കാവശ്യമായ മാലിന്യ സംസ്കരണ യന്ത്രങ്ങൾ വാങ്ങിയത് നിശ്ചലാവസ്ഥയിൽ തുടരുന്നു | 1-22 |
| 36 | സുവർണ്ണ ഗൃഹം പണിയുന്ന സ്ഥലത്ത് ജെ.സി.ബി ഉപയോഗിച്ച് മണ്ണിട്ട പ്രവൃത്തിയുടെ രേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 37 | ചെലവ് രേഖകൾ ഹാജരാക്കിയില്ല --ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-24 |
| 38 | പെൻഷനാനുകൂല്യങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനു മുൻപ് തന്നെ പെൻഷൻ കുടിശ്ശികയനുവദിച്ചു- പെൻഷനാനുകൂല്യങ്ങൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 39 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സാക്ഷരതാ പ്രേരകുമാർക്ക് കുടിശ്ശികയനുവദിച്ചു | 1-26 |
| 40 | കെ എസ് ഇ ബി- പോസ്റ്റ് ഷിഫ്റ്റിംഗിന് തുക കൈമാറി- വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-27 |
| 41 | റിവൈസ്സ് എസ്റ്റിമേറ്റ്- എക്സ്ട്രാ ഇനങ്ങൾക്കായുള്ള സപ്ലിമെന്ററി കരാറിൽ അംഗീകരിച്ച നിരക്കിനൊപ്പം ടെണ്ടർ വ്യതിയാനവും അനുവദിച്ചു-25901 രൂപ നിരാകരിക്കുന്നു | 1-28 |
| 42 | മരുന്നുകൾ ലഭ്യമായില്ല- 8,140 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 1-29 |
| 43 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം- പ്രൊജക്ട് പ്രകാരം ശുചീകരണം നടത്തിയതിന് പുറമെ വർഷത്തിൽ എല്ലാമാസവും ദിവസ വേതനക്കാർക്ക് തുക നൽകുന്നു. | 1-30 |
| 44 | ഫയൽ ലഭ്യമാക്കിയില്ല-3,30,388 രൂപ തടസ്സപ്പെടുത്തുന്നു | 1-31 |

| | | |
|---|---|---|
| 45 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ- രേഖകൾ അപ്‌ലോഡ് ചെയ്യുന്നില്ല - കെ സ്മാർട്ട് ഫയലുകൾ അപൂർണം - 1,21,92,127 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു, | 1-32 |
| 46 | മുനിസിപ്പൽ പെൻഷൻ ഫണ്ട് -അവലോകനം | 1-33 |
| 47 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-34 |
| 48 | കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിലെ പരിമിതികളും അപാകതകളും-ഓഡിറ്റ് അവലോകനം | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | റിവൈസ്ഡ് എസ്റ്റിമേറ്റ്- എക്സ്ട്രാ ഇനങ്ങൾക്കായുള്ള സപ്ലിമെന്ററി കരാറിൽ അംഗീകരിച്ച നിരക്കിനൊപ്പം ടെണ്ടർ വ്യതിയാനവും അനുവദിച്ചു-25901 രൂപ നിരാകരിക്കുന്നു | 3-1 |
| 2 | മരുന്നുകൾ ലഭ്യമായില്ല- 8,140 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് അവലോകനം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.12.2025 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 07.02.2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാലക്കുടി മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി :31.03.2026

ജോയിന്റ് ഡയറക്ടർ

### 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപ്പെടുത്തി

വികസന ഫണ്ട്/ മെയിന്റനൻസ് ഫണ്ട് റോഡിതരം, എന്നിവയിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന

പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകൾ ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപ്പെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി/ ഫണ്ട് | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 181 WARD 2 KANALIKUNNU ROAD COMPLETION PHASE 2 | J-M080400-24001125 / 16-12-2024 വികസനഫണ്ട് ജനറൽ | 2,13,712 | 2530201 Roads |
| | 295 CONSTRUCTION OF TRAVIS IN VETERINARY HOSPITAL | J-M080400-24000873 / 25.03.25 മെയിന്റനൻസ് - റോഡിതരം | 1,04,088 | 2510209 Animal Husbandry - Infrastructure |

2. മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

2024-25 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 6 Medicine Equipments Lab Reagents To V R Puram Urban Health Center | 1,21,118 നോൺ റോഡ്-മെയിന്റനൻസ് | J-M080400-24000872 /25-02-2025 | 2520602 Health Related Programs |
| | 1,76,882 നോൺ റോഡ്-മെയിന്റനൻസ് | J-M080400-24001017 /12.03.2025 | 2520602 Health Related Programs |
| | 1,15,275 നോൺ റോഡ്-മെയിന്റനൻസ് | J-M080400-24000922 /22.03.2025 | 2520602 Health Related Programs |

## 1-1-2 സ്ഥിരനിക്ഷേപം സംബന്ധിച്ച അപാകതകൾ

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 6,08,957 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ സംബന്ധിച്ച സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. സ്ഥിര നിക്ഷേപം നീക്കിയിരിപ്പ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| 31.03.2025 ലെ നീക്കിയിരിപ്പ് (50301028897913) | തുക |
|---|---|
| വാർഷിക കണക്ക് B-12 പ്രകാരം (4208001) | 1,00,00,000 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | 58,66,283 |
| വ്യത്യാസം | 41,33,717 * |

* Premature Withdrawal (30.12.204- 21,53,512 ,01.02.2025- 19,80,205)

## 1-1-3 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450220700 | HDFC Pension 50100243203822 | 3,818 |
| 2 | 450410300 | Indian Bank Suvarna Gruham-7259734152 | 21,93,845 |
| 3 | 450620400 | Bank Of Baroda IHSDP 703-34260100000703 | 3,94,377 |
| 4 | 450620400 | Kerala Bank TDC Loan A/C-146712801000013 | 35,280 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2025-26 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതാശീർഷകങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-4 നഗരസഭ സ്റ്റേഡിയവുമായി ബന്ധപ്പെട്ട 27 കോടി രൂപയുടെ ബാധ്യത വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല

ചാലക്കുടി മുനിസിപ്പാലിറ്റിയ്ക്കുവേണ്ടി ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി പൊന്നും വിലയ്ക്ക് ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട തുക ഗാർണിഷിയായിട്ടുള്ള Cochin International Airport Ltd യഥാക്രമം 19,00,00,000 രൂപയും 8,00,00,000 രൂപയും 4.11.2023 തിയതിയിൽ ബഹു.കോടതി മുമ്പാകെ അടവാക്കിയിരുന്നു. എന്നാൽ ചാലക്കുടി നഗരസഭ തുക തിരികെ അടവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 2023/16596/08, 2023/16601/08 ആർ ആർ സി കൾ പ്രകാരം ചാലക്കുടി മുനിസിപ്പാലിറ്റിയുടെ പേരിൽ ലാന്റ് അക്വസിഷൻ കുടിശ്ശിക ഇനത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിയാൽ അടവാക്കിയ തുക മുനിസിപ്പാലിറ്റി തിരിച്ച് അടവാക്കിയിട്ടില്ലാത്തതിനാൽ LAR ഇനത്തിൽ RR നടപടികളുണ്ടായി. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ REV-S2/411/2024-REV തീയതി 23.04.2025 നമ്പർ കത്ത് പ്രകാരം വിധികടം ഇനത്തിൽ റവന്യൂ റിക്കവറി കുടിശ്ശിക പ്രതിമാസം 35 ലക്ഷം രൂപാ വീതം 23/5/2025 മുതൽ അടവാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. റവന്യൂ റിക്കവറി ഇനത്തിൽ അടവാക്കാനുള്ള 27,00,00,000 രൂപ വാർഷികകണക്കുകളിൽ ഉചിതമായ ബാധ്യതാശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 2023-24 വർഷത്തിൽ വാർഷിക കണക്കിലെ അപാകതയായി ആയത് ചൂണ്ടികാണിച്ചിരുന്നുവെങ്കിലും അപാകത പരിഹരിച്ചിട്ടില്ല.

## 1-1-5 സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ 2024-25 സാമ്പത്തിക വർഷത്തെ സുലേഖ/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | സുലേഖ സ്റ്റേറ്റ്മെന്റ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | ആകെ | വ്യത്യാസം |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | പ്രകാരമുള്ള ചെലവ് | റവന്യൂ ചെലവ് (I-6 ഷെഡ്യൂൾ പ്രകാരമുള്ളത്) | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (B-3 ഷെഡ്യൂൾ പ്രകാരമുള്ളത്) | | |
| CFC | 2,63,15,620 | Tied 1,18,43,618 | 5,90,782 | 2,89,57,768 (1,24,34,400+ 1,65,23,368) | 26,42,148 |
| | | Untied 66,41,521 | 98,81,847 | | |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 2,39,27,174 | 1,99,05,159 | 40,70,245 | 2,39,75,404 | 48,230 |
| വികസനഫണ്ട് ജനറൽ | 4,57,85,362 | 48,83,795 | 4,14,31,567 | 4,63,15,362 | 5,30,000 |

ഇത് മൂലം 2024-25 വർഷത്തെ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്/ചെലവ് കണക്കുകൾ വാർഷിക കണക്കിൽ പ്രതിഫലിയ്ക്കാതിരിക്കുന്നതിനും Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കാനും കാരണമാകുന്നു. 2025-26 വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ 2024-25 വർഷത്തെ യഥാർത്ഥ ചെലവ് കണ്ടെത്തി വ്യത്യാസം വരുന്ന തുക "Prior Period Item" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-1-6 ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ- ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ 51,07,800 രൂപയുടെ നീക്കിയിരിപ്പ് .

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ശീർഷകം 3208010-"Beneficiary Contribution" പ്രകാരം 51,07,800 രൂപ നീക്കിയിരിപ്പ് ഉണ്ട്. മേൽ ശീർഷകത്തിലെ തുക ചെലവഴിച്ചതാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതും മുൻ വർഷങ്ങളിലെ പദ്ധതികൾ മുഖേന നടപ്പാക്കിയതാണെങ്കിൽ 320800101-"Beneficiary Contributions" എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും Prior Period Income എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യേണ്ടതുമാണ്.

## 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58(2)(ഇ),(എഫ്)).

## 1-1-8 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

എ) 2024-25 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. | വരുമാന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ | വൗച്ചർ |
|---|---|---|---|---|

| നം. | | | തീയ്യതി | |
|---|---|---|---|---|
| 1. | 1100101-Property Tax (General) | 6,26,95,084 | 01-04-2024 | J-M080400-25000624 |
| | | 30 | 07-05-2024 | J-M080400-24000075 |
| 2. | 1101002-Profession Tax - Institutio Ns/Traders | 42,56,610 | 01-04-2024 | J-M080400-25000627 |
| 3. | 1302003-Rent From Buildings | 1,23,68,550 | 01-04-2024 | J-M080400-25000625 |
| 4. | 1401101- License Fees For IFTEOS | 21,72,750 | 01.04.2024 | J-M080400-25000628 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

ബി) ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-9 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയതിലെ അപാകതകൾ

നഗരസഭയുടെ ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ സംബന്ധിച്ചുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. കെ.സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ ,തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ലഭ്യമല്ല. ഇതിനാൽ റിക്കൺസിലിയേഷന്റെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അക്കൌണ്ട് നമ്പർ | ബാങ്ക് ബുക്ക് ബാലൻസ് | (+) പണമാക്കാത്ത ചെക്കുകൾ | Directly Credited | (-) കളക്ഷൻ വരാത്ത ചെക്കുകൾ | (Directly Debited) | പാസ്സ് ബുക്ക് ബാലൻസ് |
|---|---|---|---|---|---|---|
| HDFC POS Machine | 41,00,747.54 | 0 | 0 | 33,083 | 0 | 40,67,664.54 |
| SBI OwnFund 67195704595 | 87,84,931 | 37,15,350 | 53,40,466.37 | 9,92,828<br>44,33,138(Old) | 34,49,106.37 | 89,65,675 |
| TSIB 0012053000076099 | 30,19,029 | 2,00,000 | 1.22 | .4 | | 32,19,029.82 |

2. താഴെ ചേർത്തിട്ടുള്ള ബാങ്കുകളുടെ റീക്കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | 31.03.25 ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|

| | | |
|---|---|---|
| 1 | ട്രഷറി PD 1099 | 7,81,472 |
| 2 | UIDSSMT SBI | 1,764 |
| 3 | SBI Chairman Relief Fund | 55,554 |
| 4 | Kerala Bank TDC 1 | 10,978 |

## 1-1-10 ഡി സി ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

എ. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മോഡ്യൂളിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന വസ്തുനികുതി മോഡ്യൂളിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മോഡ്യൂളിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. തൻവർഷം

വസ്തു നികുതി

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "കെ-സ്മാർട്ട്" സോഫ്റ്റ്‌വെയർ ഡി.സി.ബി പ്രകാരം | 6,22,14,752 | 5,52,04,348.00 | 7,54,207.64 | 1,48,20,073.93 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6,26,95,114 | 4,05,11,081 | 13,922 | 2,21,70,744 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ-17) | (3504101-Advance Collection-Property Tax ന്റെ ലെഡ്ജർ) | *(2,32,79,281.2/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14) |

2. കുടിശ്ശിക

വസ്തു നികുതി

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| "കെ-സ്മാർട്ട്" സോഫ്റ്റ്‌വെയർ ഡി.സി.ബി പ്രകാരം | 1,98,42,747.37 | 1,41,80,152.00 | 82,49,136.96 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5,44,30,868<br>(2023-24 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(2,51,02,261/105*100) | 1,87,47,750<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ-17) | 3,56,83,118<br>(3,74,67,274/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14) |

ബി. വാർഷിക കണക്കിലെ രേഖപ്പെടുത്തലിനെ സാധൂകരിക്കുന്ന രജിസ്റ്റർ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-8 “Other Liabilities” 3504101 Advance Collection Of Revenues എന്ന ശീർഷകത്തിൽ 31.03.2025 തീയതിയിൽ 31,64,117 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മുൻകൂർ തുകയുടെ കണക്കുകൾ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## 1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-12 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പൂർണ്ണമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതിയിൽ ഏതെല്ലാം അഡ്വാൻസുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്നി തുകകളുടെ കൃത്യതയോ, ബി-7 ൽ ഉൾപ്പെട്ടിട്ടുള്ള ബാധ്യത ശീർഷകങ്ങളിലെ വരവ്-ചെലവ്-നീക്കിയിരിപ്പ് തുകകളുടെ കൃത്യതയോ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 ”Secured Loans" പ്രകാരം 3305004- Loan From HUDCO എന്ന ശീർഷകത്തിൽ 70,40,000 രൂപ തിരിച്ചടവാക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കത്തക്ക രീതിയിൽ വായ്പ രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല .

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-1-13 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ്- ചെലവ് രേഖപ്പെടുത്തുന്നതിലെ അപാകതകൾ

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26-11-2023 ലെ LSGD/PD/26308/2023-DPLD3 നമ്പർ സർക്കുലർ പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നഗരസഭകൾക്ക് തനത് ഫണ്ടിൽ നിന്നും, തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി, തുക ചെലവഴിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ(അർബൻ) വകുപ്പിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുമ്പോൾ ടി തുക തിരികെ തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യേണ്ടതാണ്.

തനത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം 1,05,84,135 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ്ബുക്ക് പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 2,71,63,880 രൂപയാണ്. (ട്രഷറി ചെലവ് 1,93,00,000 ഉൾപ്പെടെ). ഈ ചെലവ് തുകയാണ് മുനിസിപ്പാലിറ്റിയുടെ Income And Expenditure പത്രികയിൽ വരവായും ചെലവായും ചേർത്തിട്ടുള്ളത്. AUEGS തയ്യാറാക്കിയിട്ടുള്ള ചെലവു തുകയിൽ മുനിസിപ്പാലിറ്റിയിൽ നിന്നും നൽകിയ മുൻകൂർ തുക ഉപയോഗിച്ചുള്ള ചെലവും ഉൾപ്പെടുന്നു. മുൻകൂർ തുകയുടെ ചെലവ് ആയത്

ക്രമീകരിക്കുന്ന വേളയിലാണ് മുനിസിപ്പാലിറ്റിയുടെ ചെലവായി രേഖപ്പെടുത്തേണ്ടത്. മുൻകൂർ നൽകുകയും ആയത് ക്രമീകരിക്കുകയും ചെയ്യുന്ന വേളയിൽ ചെലവ് രേഖപ്പെടുത്തുമ്പോൾ ചെലവിൽ ഇരട്ടിപ്പ് ഉണ്ടാകുന്നു. 2024-25 ൽ വാർഷിക കണക്കിൽ AUEGS ചെലവ് തുകയായി ചേർക്കേണ്ടിയിരുന്ന തുക , തൻവർഷ ചെലവ് 2,71,63,880 ൽ നിന്നും മുൻകൂർ തുകയായ 1,05,84,135 രൂപ കുറവ് ചെയ്ത 1,65,79,745 രൂപയാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 13.02.2024 | |
| കമ്മിറ്റി തീരുമാനം | 1-ആം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 1540004098 | 1517363380 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തീയതി | 28.03.2025 | |
| കമ്മിറ്റി തീരുമാനം | 1-ആം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 855788568 | 799367789 |

## 1-3 ഫണ്ട് വിനിയോഗം

വാർഷിക കണക്കുകൾ പ്രകാരമുള്ള വിവിധ ഗ്രാന്റിനങ്ങളുടെ വരവു-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 4,79,89,916 (വികസന ഫണ്ട്-എസ്.സി.പിയിലേക്ക് പുനക്രമീകരിച്ച 3,02,084 രൂപ കുറച്ചത്) | 4,79,89,916 | 4,63,15,362 | 16,74,554** |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,64,64,084 (വികസനഫണ്ട് ജനറലിൽ നിന്ന് പുനക്രമീകരിച്ച 3,02,084 രൂപ കൂട്ടിയത്) | 1,64,64,084 | 1,35,06,456 | 29,57,628** |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 3,59,28,000 | 3,59,28,000 | 35280462 | 647538** |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 2,97,62,000 | 2,97,62,000 | 23927174 | 5834826** |

2023-24 വർഷത്തിൽ 90% നികുതി പിരിവ് സാധ്യമാക്കാത്തതിനാൽ സ.ഉ.(കൈ)നം.179/2022/ധന തീയതി 18-10-2022 ഉത്തരവനുസരിച്ച് പൊതുവിഭാഗം വികസന ഫണ്ട് അലോട്ട്മെന്റായ 4,82,92000 രൂപയുടെ 1% (4,82,920 രൂപ) കുറവ് ചെയ്ത തുകയാണ് തൻവർഷം ലഭിച്ചിട്ടുള്ളത്.

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വികസന ഫണ്ട്-ജനറൽ, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) , സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നീ

ഫണ്ടുകളുടെ 2024-25 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല. അപാകത ഖണ്ഡിക 1-1-4 ൽ പരാമർശിച്ചിട്ടുണ്ട്.

3.CFC Tied, Untied ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| ഫണ്ട് | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | റിമാർക്സ് | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| CFC Tied | 53,75,825 | 1,17,70,514 | 1,71,46,339 | 1,16,70,558 | 54,75,781 | 54,75,781 Transferred To Basic | 0 |
| Tied ട്രഷറി | 0 | 14,15,230 | 14,15,230 | 7,63,842 | 6,51,388 | | |
| CFC Basic Bank | 0 | 81,28,028 (പലിശ ഉൾപ്പെടെ) | 81,28,028 | 1,63,81,346 | -82,53,318 | 42,32,277+54,75,781 എന്നീ തുകകൾ Prior Period, ടൈഡ് എന്നിവയിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് | 14,54,740 |
| Bsic ട്രഷറി | 0 | 319781 | 319781 | 142022 | 177759 | | |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കിയ പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 446 | 262504879 | 390 | 151583949 | 57.75 | 87.44 |

## 1-5 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| മുന്നിരിപ്പ് | 1,40,322 | | | | |
| പലിശ | | 23,597 | | | |
| തനത് ഫണ്ട് | | 1,05,84,125 | | | |
| അലോട്ട്മെന്റ് | | 1,93,00,000 | | | |
| ഭരണചെലവുകൾ | | | | 7,51,014 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 1,44,73,688 | |
| മെറ്റിരീയൽ കോസ്റ്റ് | | | | 2,09,178 | |
| തനത് ഫണ്ട് തിരിച്ചടവ് | | | | 1,17,30,000 | |
| ട്രഷറി സറണ്ടർ | | | | ഇല്ല | |
| ആകെ | | | 3,00,48,044 | 2,71,63,880 | 28,84,164 |

മുനിസിപ്പാലിറ്റിയുടെ അക്കൗണ്ട്സ് പ്രകാരം ചെലവായി രേഖപ്പെടുത്തേണ്ടിയിരുന്ന തുക 1,65,79,755 രൂപ ആണ്. എന്നാൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്ന തുക 2,71,63,880 ആണ്. അപാകത ഖ 1-1-13 ൽ പരാമർശമായി ചേർത്തിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 49,82,400 | 138 |
| വിധവാപെൻഷൻ | 6,03,92,600 | 1904 |
| വാർദ്ധക്യകാല പെൻഷൻ | 14,29,74,200 | 4786 |
| വികലാംഗ പെൻഷൻ | 1,47,16,300 | 455 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 46,08,000 | 144 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90,000 | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2026 തീയതിയിൽ 3.50 PM ന് മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

അന്നേ ദിവസത്തെ ഡേ-ബുക്ക് പ്രകാരമുള്ള 3.50 PM വരെയുള്ള കളക്ഷൻ 2,47,655 രൂപയാണ്. ടി ദിവസത്തെ ഉച്ച വരെയുള്ള കളക്ഷൻ തുകയായ 1,98,302 രൂപ ക്യാഷ് വെരിഫിക്കേഷന് മുൻപ് തന്നെ അടവാക്കിയിരുന്നു. ആയത് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഡേ-ബുക്ക് പ്രകാരമുള്ള ആകെ കളക്ഷൻ തുകയായ 2,47,655 രൂപയിൽ നിന്ന് ബാങ്കിൽ അടവാക്കിയ തുക കിഴിച്ചുള്ള 49,353 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഭാഗം 1 ൽ പരാമർശിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള സന്ദർഭോചിതമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-9 ക്യാഷ് ബുക്കിൽ കോടികളുടെ നെഗറ്റീവ് നീക്കിയിരിപ്പ്

21.02.2026 ലെ ക്യാഷ് ബുക്ക് പ്രകാരം 1,92,33,196 രൂപയുടെ നെഗറ്റീവ് നീക്കിയിരുപ്പ് (ക്രെഡിറ്റ് ബാലൻസ്) കാണുന്നുണ്ട്. എല്ലാ കളക്ഷൻ തുകയും അടുത്ത പ്രവൃത്തിദിവസം ബാങ്കിൽ അടവാക്കുന്ന പക്ഷം അതാത് ദിവസത്തെ കളക്ഷൻ തുക മാത്രമെ ക്യാഷ്ബുക്കിൽ നീക്കിയിരിപ്പായി കാണേണ്ടതുള്ളൂ. തലേദിവസമായ 20/02/2026 ലെ ഡേ ബുക്ക് പ്രകാരമുള്ള ക്യാഷ് കളക്ഷൻ 2,16,491 രൂപയാണ്. 20/02/2026 ലെ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും 21/02/2026 ലെ മുന്നിരിപ്പും 20/02/2026 ലെ കളക്ഷൻ തുകയായ 2,16,491 രൂപയായിരിക്കണം. എന്നാൽ ക്യാഷ്ബുക്ക് പ്രകാരം 20/02/2026 ലെ നീക്കിയിരിപ്പും 21/02/2026 ലെ മുന്നിരിപ്പും നെഗറ്റീവ് 1,92,33,196 രൂപയാണ്. ക്യാഷ് ബുക്ക് സമ്മറി പരിശോധിച്ചതിൽ 06/05/2025 ൽ ക്യാഷ് ബുക്കിൽ 2,11,62,758 രൂപ ഫെഡറൽ ബാങ്ക് (ക്യൂആർ കോഡ്)ൽ നിക്ഷേപിച്ചതായി കോൺട്രാ എൻട്രി രേഖപ്പെടുത്തിയിട്ടുണ്ട് (ക്രഡിറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്) (കോൺട്രാ എൻട്രി വൌച്ചർ നം. C-M080400-25000021). എന്നാൽ അന്നേ ദിവസത്തെ ക്യാഷ് ബുക്കിലെ മുന്നിരിപ്പ് 6,16,560 രൂപയും 06.05.2025 ലെ ഡേബുക്ക് പ്രകാരമുള്ള ആകെ കളക്ഷൻ 89,494 രൂപയുമാണ്. അന്നേ ദിവസത്തെ വരവിനേക്കാൾ കൂടുതൽ തുക ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ കാരണത്താൽ 06.05.2025 മുതൽ ക്യാഷ് ബുക്കിൽ നെഗറ്റീവ് നീക്കിയിരുപ്പ് കാണുന്നുണ്ട്. കൂടാതെ 01.04.2025 മുതൽ 07.11.2025 വരെയുള്ള കോൺട്രാ എൻട്രി പരിശോധിച്ചതിൽ 10/4/2025, 30/08/2025, 18/08/2025, 30/09/2025, 29/09/2025, 28/09/2025, 27/09/2025, 26/09/2025, 25/09/2025, 23/09/2025, 22/09/2025, 30/10/2025, 28/10/2025, 07/11/2025 എന്നീ തീയതികളിലെ ഡേബുക്ക് പ്രകാരമുള്ള കളക്ഷൻ തുകകൾ ബാങ്കിൽ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് രേഖപ്പെടുത്തുന്നതിനുള്ള കോൺട്രാ എൻട്രി നടത്തിയതായി കാണുന്നില്ല. ബാങ്കിൽ പണം അടവാക്കുന്ന തുകകൾ കോൺട്രാ എൻട്രി വഴി കൃത്യമായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും 06.05.2025 ൽ വരവിനേക്കാൾ കൂടുതൽ തുക ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തിയതിന് വിശദീകരണവും അപാകതകൾ പരിഹരിച്ച് ക്യാഷ് ബുക്ക് കൃത്യമാക്കി വിവരവും അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 18/23.02.2026)

## 1-10 തൊഴിൽ നികുതി- അപാകങ്ങൾ

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 , വകുപ്പ് 245 പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥനാണ്. അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി പരിഷ്കരണം – കൃത്യത ഉറപ്പു വരുത്താനായിട്ടില്ല

രജിസ്റ്ററിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണമോ, അർദ്ധവാർഷിക വരുമാനമോ, ഓരോ ജീവനക്കാരിൽ നിന്നു ഈടാക്കിയ തൊഴിൽ നികുതിയോ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റെ പേരും ആകെ ഈടാക്കിയ തൊഴിൽ നികുതിയുമാണ് ചേർത്തിട്ടുള്ളത്. മുനിസിപ്പാലിറ്റിയിലെ 36 വാർഡുകളിലായി ആകെ 372 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും പരിശോധനയ്ക്കായി ഏതാനം

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 27.6.2024 തീയതിയിലെ സ.ഉ (സാധാ) നമ്പർ 1149/2024 എൽ എസ് ജി ഡി ഉത്തരവ് പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് 2024 രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യം വരുത്തി ഉത്തരവിറക്കിയിരുന്നു. എന്നാൽ മേൽ പറഞ്ഞ റിട്ടേണുകളുടെ അഭാവത്തിൽ തൊഴിൽ നികുതി പരിഷ്കരണം കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താനായിട്ടില്ല. ചട്ട പ്രകാരമുള്ള അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി പിരിക്കേണ്ടതും റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമമാണ്.

2. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|
| 1 | 2 | വെസ്റ്റ് സെർവീസ് കോപ്പറേറ്റീവ് ബാങ്ക് R-262 | I & II |
| 2 | 2 | പോപ്പുലർ മോട്ടോർ വേൾഡ് പോപ്പുലർ ഹ്യുണ്ടായ് | I & II |
| 3 | 3 | അർബൻ ഹെൽത്ത് & വെൽനസ് സെന്റർ | II |
| 4 | 3 | നീതി ഡയഗ്നോസ്റ്റിക് സെന്റർ | I & II |
| 5 | 8 | കേരള ബിവറേജസ് കോർപ്പറേഷൻ | I & II |
| 6 | 10 | റിലയൻസ് റീടെയിൽ ലിമിറ്റഡ് | I & II |
| 7 | 10 | റിലയൻസ് പ്രൊജക്ട് പ്രോപ്പർട്ടി മാനേജ്മെന്റ് സർവീസ് ലിമിറ്റഡ് | I & II |
| 8 | 13 | നീതി മെഡിക്കൽ സ്റ്റോർ ഇലഞ്ഞിപ്പറ കോപ്പറേറ്റീവ് സൊസൈറ്റി | II |
| 9 | 13 | ഹിൽവേ ടൂറിസ്റ്റ് ഹോം | II |
| 10 | 13 | ന്യൂ ഇൻഡ്യ ട്രാവൽ | II |
| 11 | 13 | യൂണിയൻ ബാങ്ക് | I & II |
| 12 | 14 | ജോൺ ഹോണ്ട | II |
| 13 | 14 | AEE സിസ്റ്റം ഓപ്പറേഷൻ സർക്കിൾ | I & II |
| 14 | 19 | കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ | I |
| 15 | 20 | കേരള ഖാദി ഗ്രാമോദ്യോഗ് ഭവൻ | II |
| 16 | 20 | മണപ്പുറം ഫിനാൻസ് | II |
| 17 | 20 | DYSP ഓഫീസ് | II |

| | | | |
|---|---|---|---|
| 18 | 20 | റോഷ്ബെക്ക് എസ്റ്റേറ്റ് | II |
| 19 | 20 | മൈ കല്ല്യാൺ | II |
| 20 | 21 | ട്വിൻ ബേർഡ്സ്, ചാലക്കുടി | I & II |
| 21 | 21 | വാൻ ഹ്യൂസൻ, ചാലക്കുടി | I & II |
| 22 | 21 | അലൻ സോളി, ചാലക്കുടി | I & II |
| 23 | 21 | ലൂയിസ് ഫിലിപ്പ്, ചാലക്കുടി | I & II |
| 24 | 21 | ലബാംബ കാഷ്യൂൽസ്, ചാലക്കുടി | I & II |
| 25 | 21 | അൽ -തമാർ ഡേറ്റ്സ് & നട്സ് | I & II |
| 26 | 21 | പാറക്കാട്ട് ജ്വൽസ്, ചാലക്കുടി | I & II |
| 27 | 21 | യൂണിമണി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് | I & II |
| 28 | 21 | ഹെഡ്ഗേ ഫിനാൻസ് | II |
| 29 | 21 | സെന്റ് മേരീസ് എൽ. പി. എസ്. | I |
| 30 | 21 | സേകർഡ് ഹാർട്ട് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I & II |
| 31 | 21 | AEE ഇലക്ട്രിക്കൽ സബ് ഡിവിഷൻ | I & II |
| 32 | 21 | ഇൻഡ്യൻ ബാങ്ക് | I |
| 33 | 21 | എസ്. സി. ഡെവലപ്പ്മെന്റ് ഓഫീസർ | II |
| 34 | 21 | ലക്ഷ്മി ജ്വല്ലറി | I |
| 35 | 21 | വെറ്റിനറി ഹോസ്പിറ്റൽ ചാലക്കുടി | I & II |
| 36 | 21 | ഗവ. ബോയ്സ് എച്ച്. എസ്. ചാലക്കുടി (യു. പി. സെക്ഷൻ) | I & II |
| 37 | 21 | ഗവ. ബോയ്സ് എച്ച്. എസ്. എസ്., ചാലക്കുടി | I & II |
| 38 | 21 | ബേബി ഹഗ് | I & II |
| | 21 | സേവന മെഡിക്കൽസ് | I & II |
| 38 | 21 | വനിത കോപ്പറേറ്റീവ് സൊസൈറ്റി | I |
| 39 | 21 | ജോൺഫോർഡ് മെഡിക്കൽസ് & ഫൂട്ട് വെയർ | I & II |
| 40 | 21 | ജി-ടെക് കംപ്യൂട്ടർ എജ്യൂക്കേഷൻ, അന്നറാണി കോംപ്ലക്സ് | I & II |
| 41 | 21 | ചാലക്കുടി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് -R | I |

| | | | |
|---|---|---|---|
| | | 192 | |
| 42 | 21 | ഗവ. ഐ.ടി.ഐ, ചാലക്കുടി | I |
| 43 | 21 | മത്സ്യഭവൻ, ചാലക്കുടി | II |
| 44 | 21 | നവ്യ ബേക്കേഴ്സ് | I & II |
| 45 | 21 | ദ സൗത്ത് ഇൻഡ്യൻ ട്രേഡിംഗ് സിൻഡിക്കേറ്റ് | II |
| 46 | 21 | സൗത്ത് ചാലക്കുടി ഷാപ്പ് | II |
| 47 | 21 | ബി. എസ്. എൻ. എൽ. | II |
| 48 | 21 | നാഷണൽ ട്രേഡേഴ്സ് അറ്റ്ലസ് | I |
| 49 | 21 | ജീവൻ ജ്യോതി മൾട്ടി സ്റ്റേറ്റ് ക്രെഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റി | I & II |
| 50 | 23 | എ. ഇ. ഇലക്ട്രിക് വിംഗ് ഇറിഗേഷൻ | I |
| 51 | 24 | സി. എം. ഐ. പബ്ലിക് സ്കൂൾ | I & II |
| 52 | 25 | എഫ്. സി. ഐ., ചാലക്കുടി | II |
| 53 | 30 | എക്സൈസ് ഓഫീസ് കെഎസ്ബിസി ഷോപ്പ് FL- 9 | II |
| 54 | 30 | വില്ലേജ് ഓഫീസ് ഈസ്റ്റ്, ചാലക്കുടി | I & II |
| 55 | 31 | ക്രെസന്റ് പബ്ലിക് സ്കൂൾ | I |
| 56 | 31 | ബജാജ് ഫിനാൻസ് | II |
| 57 | 31 | സായ് സെർവീസ് & അസസറീസ് | I & II |
| 58 | 31 | കല്യാൺ ജ്വല്ലേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | I |
| 59 | 31 | ബന്ധൻ ബാങ്ക് | I |
| 60 | 31 | ഇൻഡസ്ഇൻഡ് ബാങ്ക് | II |
| 61 | 31 | ഐഡിഎഫ്സി ഫസ്റ്റ് ഭാരത് | II |
| 62 | 31 | ഐ ബി ടെക്നോളജീസ് & കൺസൾട്ടൻസ് | I & II |
| 63 | 31 | മോഡി ട്രാംവേ ബിസ്ട്രോ | I & II |
| 64 | 32 | ഗവ.ആയുർവേദ ഹോസ്പിറ്റൽ | I & II |
| 65 | 34 | ഗവ.ആയുർവേദ ഡിസ്പെൻസറി | II |
| 66 | 35 | പാലസ് ഹോസ്പിറ്റൽ | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പരാമർശിച്ച അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങൾ , ചട്ടം 3 (2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ , പെട്രോൾ പമ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ, ടാക്സി വാഹന ഉടമകൾ (രണ്ടിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്സ് എന്നിവയും, മൂന്നിലധികം

ഓട്ടോറിക്ഷകൾ ഉള്ളവർ), കരാറുകാർ തുടങ്ങിയവയർക്ക് നിശ്ചയിച്ച പരമാവധി അർദ്ധവാർഷിക തൊഴിൽ നികുതി 1250 രൂപയാണ്. നഗരസഭ പരിധിക്കുള്ളിൽ, നഗരസഭ ഓഫീസ് കെട്ടിടത്തിന് അടുത്തായി കോടതികൾ പ്രവർത്തിക്കുന്നതും, നഗരസഭ കെട്ടിടത്തിൽ തന്നെ അഭിഭാഷകർക്ക് ഓഫീസുകളും ഉണ്ടെങ്കിലും ചട്ട പ്രകാരം ഈടാക്കാൻ സാധിക്കുന്ന തൊഴിൽ നികുതി ഈടാക്കുന്നില്ല. മേൽ ചട്ടത്തിൽ പരാമർശിക്കുന്ന തരം ആളുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4. ചുവടെ ചേർക്കുന്ന കള്ള് ഷാപ്പുകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| വാർഡ് 21 | സൗത്ത് ചാലക്കുടി |
| | ആനമല |
| വാർഡ് 26 | മൂഞ്ഞേലി |
| | പുളിയിലപറമ്പ് |
| | കോട്ടാറ്റ് |
| വാർഡ് 29 | വെള്ളാഞ്ചിറ |
| | പടിഞ്ഞാറെ ചാലക്കുടി |
| | പോട്ട |
| | റെയിൽവേ-പോട്ട |
| | പേരാമ്പ്ര |
| | ടി എസ് നം. 19 |
| | ടി എസ് നം. 32 |
| | ടി എസ് നം. 37 |

5. ലോക്കൽ ഇൻഫ്രാസ്ട്രച്ചർ വിഭാഗം ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2024-25 ൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ / കരാർ ഏറ്റെടുത്ത സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഗ്രിന്റോ വർഗീസ് |
| 2 | കേരള സേഫ് ഇൻഡസ്ട്രിയൽ എക്യുപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് |
| 3 | സജീവ് കെ. യു. |
| 4 | പോളി കെ. എസ്. |
| 5 | ജനറൽ ഇലക്ട്രിക് സൊല്യൂഷൻസ് |
| 6 | ബൈജു പോൾ |
| 7 | ജോൺസൺ എ. വി. |
| 8 | പ്രശാന്ത് പി. |
| 9 | മരിയ കൺസ്ട്രക്ഷൻ കമ്പനി |
| 10 | ഹൈടെക് ക്രെമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ്, ആലുവ |
| 11 | ബ്രിസോൺ ടെക്നോളജീസ്, കടവന്ത്ര |
| 12 | ഉണ്ണി കെ. |
| 13 | സിജോൺ എൻ. ടി. |
| 14 | ബിജു ജോസ്, ചക്കാലക്കൽ |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 22/24.02.2026)

## 1-11 വാടക കുടിശ്ശിക -നടപടികൾ സ്വീകരിക്കണം

വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതും നാളിതു വരെ കുടിശ്ശിക അടവാക്കാത്തതുമായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | ക്രമ നം | കെട്ടിട നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 1 | 19/219 C32 | സുബ്രൻ കുട്ടാല | 2001 | 24012 |
| | 2 | 19/219 F26 | എം എൽ ആന്റോ | 1116 | 6696 |
| | 3 | 19/219 F28 | എം എൽ ജോജു | 1395 | 6975 |
| | 4 | 19/219 F32 | ജോർജ് ചുള്ളിക്കാടൻ | 1590 | 19080 |
| | 5 | 19/219 F42 | തങ്കപ്പൻ നെടുമ്പുള്ളി | 1,698 | 20,376 |
| ജൂബിലി & ടൌൺ ഹാൾ | 6 | 30/693 A 12 | കെ സി വേണു | 2668 | 32,016 |
| | 7 | 30/693 A 29 | കെ എ ഇട്ടീര | 1667 | 5001 |
| | 8 | 21/985 A71 | സുരേഷ് | 2547 | 30564 |
| | 9 | 21/985 A72 | പി എ വനജ | 2830 | 33960 |
| സൌത്ത് & നോർത്ത് ബസ് സ്റ്റാന്റ് ബിൽഡിംഗ് | 10 | 20/1040 A32 | KSHDC LTD | 3013 | 12072 |
| | 11 | 20/1040 A32 | എ കെ സെബാസ്റ്റ്യൻ | 37414 | 224484 |
| | 12 | 20/1040 C12 | വി കെ കരുണൻ | 1474 | 17688 |
| | 13 | 20/1040 C21 | ഷൈജൻ | 931 | 11172 |
| | 14 | 20/1040 C23 | പി ജി ആന്റോ | 1016 | 12192 |
| | 15 | 20/1040 A27 | ഹേർട്ടി കോർപ്പ് | 3675 | 44100 |
| | 16 | | ഫയർ സ്റ്റേഷൻ ചാലക്കുടി | 2408 | 4816 |
| | 17 | 13/438 L | CITU ഏരിയ കമ്മിറ്റി ചാലക്കുടി | 122 | 1464 |
| | 18 | 20/659 G | ജോബി | 2056 | 24672 |
| ആകെ കുടിശ്ശിക | | | | | 5,31,340 |

മേൽ വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികളും നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ വാണിജ്യ കെട്ടിട സമുച്ചയങ്ങളിലെ കടമുറികൾ ഉപയോഗിക്കുന്നതിനുള്ള നഗരസഭ അംഗീകരിച്ച 07.10.2023 തീയതിയിലെ ആർ 4-43348/22 നമ്പർ നിയമാവലി, ക്രമ നമ്പർ 15 അനുസരിച്ച് ടി

ആളുകളുമായി ഏർപ്പെട്ടിട്ടുള്ള വാടകകരാറും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ക്രമ നം. 12 വി കെ കരുണന് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും മറ്റുള്ളവർക്ക് വാടക കുടിശ്ശിക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറിയുടെ 25/06/2025 ലെ R4-18901/17 നം ഉത്തരവ് പ്രകാരം കുടിശ്ശിക വരുത്തിയിട്ടുള്ള മുറികൾ പൂട്ടിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ നിയമാവലി പ്രകാരമുള്ള വാടകകരാർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികളിൽ നിന്ന് വാടക കുടിശ്ശിക പൂർണ്ണമായി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതും നഗരസഭയും വാടകക്കാരും തമ്മിൽ അംഗീകൃത നിയമാവലി പ്രകാരമുള്ള വാടകകരാറിൽ ഏർപ്പെടേണ്ടതുമാണ്.

2. രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നതായിട്ടാണ് കാണുന്നത്. ടി മുറികൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ഒഴിഞ്ഞു കിടക്കുന്ന കടമുറികളുടെ ലേലം 28/11/2024, 15/03/2025, 23/04/2025 എന്നീ തീയതികളിൽ നടത്തിയെങ്കിലും ആരും തന്നെ ഏറ്റെടുക്കാത്തതിനെ തുടർന്ന് 27/10/2025 ലെ 4-ാം നമ്പർ തീരുമാന പ്രകാരം ടി കെട്ടിടങ്ങളുടെ ഡെപ്പോസിറ്റ് മുൻപുണ്ടായിരുന്ന വാടകക്കാർ ലേലം കൊണ്ട ഡെപ്പോസിറ്റ് തുകയുടെ 50% ആക്കിയും നിലവിൽ നിശ്ചയിച്ചിട്ടുള്ള വാടകയിൽ 50% വർദ്ധനവ് വരുത്തിയും പുനർലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | ക്രമ നം | കെട്ടിട നം |
|---|---|---|
| സൌത്ത് & നോർത്ത് ബസ് സ്റ്റാന്റ് ബിൽഡിംഗ് | 1 | 20/659 A |
| | 2 | 20/659 B |
| | 3 | 20/659 C |
| | 4 | 20/659 D |
| | 5 | 20/659 O |
| | 6 | 20/659 P |
| ജൂബിലി & ടൌൺ ഹാൾ | 7 | 30/693A44 |
| | 8 | 21/985 A 52 |
| | 9 | 21/985 A 54 |
| | 10 | 21/985 A65 |

| | | |
|---|---|---|
| | 11 | 21/985 A67 |

മേൽ കെട്ടിടങ്ങൾ ലേലം ചെയ്ത് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

3. വാർഷിക ധനകാര്യപത്രികയിലെ B-15 ഷെഡ്യൂളിൽ മുൻവർഷത്തെ വാടകയിനത്തിൽ 9,81,239* രൂപ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങളും ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 4,42,952 രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി 4,92,911 രൂപ ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പ്രകാരം മുൻവർഷത്തെ വാടകയിനത്തിൽ, നാളിതു വരെ അടവാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | വാടകക്കാരന്റെ പേര് | കുടിശ്ശികയുടെ കാലയളവ് (മാസം / വർഷം) | ആകെ കുടിശ്ശിക |
|---|---|---|---|
| 20/1040 C21 | ഷൈജൻ | 04/2019 -03/2024 | 49089 |
| 20/1040 C23 | പി ജി ആന്റോ | 10/2022-03/2024 | 17592 |
| 20/659 G | ജോബി | 03/2022 - 03/2024 | 46102 |
| 13/438 M | പ്രസിഡന്റ് ഗിരിജ വല്ലഭൻ | 09/2017-03/2024 | 8394 |
| 30/693 A12 | വേണു | 02/2023-03/2024 | 34419 |
| 21/985 A71 | സുരേഷ് | 03/2023-03/2024 | 30564 |
| 21/985 A72 | വനജ | 11/2020 -03/2024 | 102655 |
| 19/219 C32 | സുബ്രൻ | 04/2018 –03/2024 | 126333 |
| 19/219 F42 | തങ്കപ്പൻ | 02/2019 - 03/2024 | 77763 |
| ആകെ കുടിശ്ശിക | | | 492911 |

മേൽ വ്യക്തികളിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
*ടി തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നം. 21/24.02.2026)

## 1-12 രേഖകളില്ലാതെ പെർമിറ്റ് റീഫണ്ട് ചെയ്തു

ഫയൽ നം.4031969/2025

ഫയൽ പരിശോധിച്ചതിൽ ജോസ് പുല്ലൻ എന്നവർ സമർപ്പിച്ച പെർമിറ്റ് റീഫണ്ട് അപേക്ഷയിന്മേൽ 27.11.2025 ലെ P-M080400-25001331 വൗച്ചർ പ്രകാരം 9094 രൂപ ബാങ്ക് മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. 151.57 ച.മീ വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കെട്ടിട നിർമ്മാണത്തിനായി 05.06.2023 തീയതിയിൽ BA/1069/0052/2023/SC ഫയൽ നമ്പർ പ്രകാരം സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് ആണ് അനുവദിച്ചിട്ടുള്ളത്. 31.03.2023 ലെ സ.ഉ(കൈ) 85/2023 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 151.57x120 = 18,188 രൂപയാണ് പെർമിറ്റ് ഫീയായി അടവാക്കേണ്ടത്. എന്നാൽ പെർമിറ്റ് ഫയലിൽ 18,188 രൂപയുടെ ഡിമാന്റ് നോട്ട് മാത്രമാണുള്ളത്. ടി തുക നഗര സഭയിൽ അടവാക്കിയതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. 30.07.2024 ലെ സ.ഉ(കൈ) 97/2024/ത.സ്വ.ഭ.വ പ്രകാരം തിരികെ നൽകേണ്ട പെർമിറ്റ് ഫീ 151.57x60= 9,094 രൂപയാണ്. അധികം അടവാക്കിയ തുക തിരികെ ലഭിക്കാനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം പെർമിറ്റിന്റെ പകർപ്പ്, തുക അടവാക്കിയതിന്റെ രസീത്

വിശദാംശങ്ങൾ, രസീത് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് അപേക്ഷകന്റെ സത്യപ്രസ്താവന, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവ ഉണ്ടായിരിക്കണമെന്ന് ടി ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. രസീത് ഇല്ലാതെ ഡിമാന്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ തുക റീഫണ്ട് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ടി വ്യക്തി നഗര സഭയിൽ പെർമിറ്റ് ഫീസായി 18,188 രൂപ അടവാക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 24/25.02.2026)

## 1-13 ഉപയോഗ ഗണം മാറിയതിനുള്ള പെർമിറ്റ് ഫീ ഈടാക്കാതെ പെർമിറ്റ് റിവൈസ് ചെയ്തു.

വാർഡ് 13 ൽ 216/6-1, 216/6-2 എന്നീ സർവ്വെ നമ്പറുകളിലായി സിൽവി എന്നവരുടെ 2609 ച.മീ വിസ്തീർണ്ണമുള്ള ഭൂമിയിൽ 313.81 ച.മീ നിർമ്മിത വിസ്തീർണ്ണത്തിൽ ഫിറ്റ്നെസ് സെന്റർ (ഡി ഒക്യുപൻസി) നിർമ്മിക്കുന്നതിന് 10.06.2021ൽ പെർമിറ്റ് അനുവദിച്ചിരുന്നു. (ഫയൽ നം.E3/8357/2021). നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് പെർമിറ്റ് റിവൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 15.07.2024ന് പെർമിറ്റ് റിവൈസ് ചെയ്യുന്നതിനായി ലഭിച്ചിട്ടുള്ള ടി അപേക്ഷയിന്മേൽ ഉപയോഗഗണം കൊമേഴ്ഷ്യലിലേയ്ക്ക് മാറ്റി 05/08/2024 ന് പെർമിറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. പെർമിറ്റ് പ്രകാരമുള്ള റിവൈസ്ഡ് ഏരിയ 310.56 ച.മീ ആണ്. എന്നാൽ ഉപയോഗ ഗണം മാറ്റിയതിന് ഫീ ഈടാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 2019 ചട്ടം 5(ബി) പ്രകാരം ഉപയോഗഗണത്തിന് വ്യതിയാനം ഉണ്ടെങ്കിൽ പെർമിറ്റ് എടുക്കേണ്ടതും ചട്ടം 9(4) പ്രകാരം ഇതിന് ഫീസ് ഈടാക്കേണ്ടതുമാണ്. 06.05.2023 ലെ G.O(Ms)107/2023/LSGD പ്രകാരം 10.04.2023 ന് മുൻപ് ലഭിച്ചിട്ടുള്ള കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 2019 ഷെഡ്യൂൾ II പ്രകാരമുള്ള പെർമ്മിറ്റ് ഫീസ് നിരക്കായിരിക്കുമെന്നും ടി തീയതിയ്ക്ക് ശേഷം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ 31.03.2023 ലെ സ.ഉ(കൈ) 85/2023 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പെർമ്മിറ്റ് ഫീസ് നിരക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. പെർമിറ്റ് റിവൈസ് ചെയ്യുന്നതിനായുള്ള അപേക്ഷ ലഭ്യമായിട്ടുള്ളത് 15.07.2024ന് ആയതിനാൽ തന്നെ പുതിയ നിരക്കിലുള്ള പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. 13.03. 2024 ലെ G.O(Ms) 588/2024/LSGD പ്രകാരം 10.04.2023 ന് മുൻപ് പെർമിറ്റ് എടുതതിന് ശേഷം ഉപയോഗഗണം മാറ്റി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് Compounding Fee ബാധകമാക്കിയിട്ടുള്ളതാണ്. നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് പെർമിറ്റ് റിവൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ, മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പെർമിറ്റ് റിവൈസ് ചെയ്തപ്പോൾ റിവൈസ്ഡ് പെർമിറ്റ് ഫീയായി 310.56x150= 46,584 രൂപ ഈടാക്കേണ്ടതായിരുന്നു.

2. ടിയാളുടെ കംപ്ലീഷൻ ഫയലിൽ (999567-2025) ലഭ്യമാക്കിയിട്ടുള്ള അപ്രൂവ്ഡ് പെർമിറ്റിൽ ഗ്രൌണ്ട് ഫ്ലോറിലുള്ള 310.56 ച.മീറ്ററിന് പുറമേ 310.56 ച.മീ മെസാനിൻ ഏരിയയ്ക്ക് കൂടി പെർമിറ്റ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ അപ്രൂവ്ഡ് പ്ലാനിൽ ഈ മെസാനിൻ ഏരിയ കാണിച്ചിട്ടില്ല. പ്ലാനിലില്ലാത്ത ഏരിയയ്ക്ക് പെർമിറ്റ് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പെർമിറ്റ് ഫീ ഈടാക്കി തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.23/25.02.2026 )

## 1-14 പിരിച്ചെടുത്ത തുകകൾ അടവാക്കുന്നില്ല

ആംബുലൻസ് ഡ്രൈവർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്ക് നം.974 പ്രകാരം ആംബുലൻസ് , മൊബൈൽ

ഫ്രീസർ എന്നീ സേവനങ്ങളുടെ ഫീയായി പിരിച്ചെടുത്തിട്ടുള്ള താഴെ പറയുന്ന തുകകൾ അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | തുക |
|---|---|---|---|
| 1 | 1.12.2025 | 97380 | 250 |
| 2 | 06.12.2025 | 97381 | 250 |
| 3 | 23.12.2025 | 97382 | 980 |

| | | | |
|---|---|---|---|
| 4 | 05.01.2026 | 97383 | 1150 |
| 5 | 13.01.2026 | 97384 | 1110 |
| 6 | 24.01.2026 | 97385 | 600 |
| 7 | 26.01.2026 | 97386 | 250 |
| 8 | 27.01.2026 | 97387 | 800 |
| 9 | 28.01.2026 | 97388 | 250 |
| ആകെ | | | 5640 |

ഓഡിറ്റ് എൻക്വയറി നം. 19/23.02.2026 ലഭ്യമായതിനെ തുടർന്ന് 13.01.2026 വരെയുള്ള കളക്ഷൻ തുകയായ 3740 രൂപ 24.02.2026 ൽ R-M080400-25025917 എന്നീ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ ക്രമ നം.7 മുതൽ ക്രമ നം.9 വരെയുള്ള കളക്ഷൻ തുകയായ 1900 രൂപ 24.02.2026 ന് തന്നെ അടവാക്കാമായിരുന്നിട്ടും ടി തുക അടവാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 21 പ്രകാരം പിരിച്ചെടുത്ത തുകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്ക് /ട്രഷറിയിൽ അടവാക്കേണ്ടതാണെന്നിരിക്കേ പിരിച്ചെടുത്ത തുകകൾ മാസങ്ങളോളം കൈവശം വച്ചതും പിന്നീട് ടി തുകകൾ 24.02.2026 ൽ മുഴുവനായും അടവാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. മേൽ അപാകതകൾക്ക് വിശദീകരണവും അടവാക്കാനുള്ള ബാക്കി തുക അടവാക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

2. 04.11.2025 ലെ 6/6 നമ്പർ തീരുമാന പ്രകാരം നഗരസഭ അതിർത്തിയിലുള്ളവർക്ക് ആംബുലൻസ്, ഫ്രീസർ സേവനം സൌജന്യമാക്കിയിട്ടുണ്ട്. നഗരസഭ അതിർത്തിയ്ക്ക് പുറത്തുള്ളവർക്ക് ടി സേവനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരക്ക് സംബന്ധിച്ച കമ്മിറ്റി തീരുമാനം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭ അതിർത്തിയ്ക്ക് പുറത്തുള്ളവർക്ക് ടി സേവനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരക്ക് സംബന്ധിച്ച കമ്മിറ്റി തീരുമാനം, കമ്മിറ്റി തീരുമാനത്തിന് വിധേയമായി ഫീസ് ഈടാക്കിയത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈസൻസ് അപാകങ്ങൾ

2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 30.10.2020 ലെ സർക്കാർ ഉത്തരവ് (പി)62/2020/തസ്വഭവ പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾ എന്നിവയിലെ പട്ടിക I & II പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. 2023-24 ലൈസൻസ് രജിസ്റ്റർ, കെ സ്മാർട്ട് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷം വർഷം ലൈസൻസ് എടുത്തതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല ( എൻക്വയറി നം. 13/21.02.26)

| ക്രമ | വാർഡ് | കെട്ടിട | സ്ഥാപനം. |
|---|---|---|---|

| നമ്പർ | നമ്പർ | നമ്പർ | |
|---|---|---|---|
| 1. | 1 | 137 | എ സി സ്പെയർ പാർട്ട്സ് |
| 2. | | 144 A | വാഴപ്പിള്ളി ഇന്റീരിയേഴ്സ് |
| 3 | | 341 A1,A2 | റോയൽ ഫർണീച്ചേഴ്സ് |
| 4 | | 365 D | ചെന്നൈ ആനന്ദ് ഭവൻ |
| 5 | 2 | 504 (6) | പോർക്ക് സ്റ്റാൾ മിനി മാർക്കറ്റ് |
| 6 | 3 | 536 | കർഷകമിത്ര അഗ്രി സൂപ്പർമാർക്കറ്റ് |
| 7 | | 275/D | ഡയറി വില്ലേജ് |
| 8 | 4 | 79 | ലക്ഷമി ഫ്ലവർമിൽ |
| 9 | | 185 | ഫിഷി ഫ്ലവർ |
| 10 | | 2A | ലാസ് ബേക്കറി &സ്റ്റേഷനറി |
| 11 | 5 | 297 A | ഷാർപ്പ് ഏജൻസീസ് |
| 12 | | 309 | S. R മെറ്റൽ ബിൽഡേഴ്സ് |
| 13 | 6 | 8C | മെൻസ് സ്റ്റൈൽ സലൂൺ |
| 14 | | 30 | J.J കൺസ്ട്രക്ഷൻ |
| 15 | | 297A | ഷാർപ്പ് ഏജൻസീസ് |
| 16 | 7 | 69 | സഞ്ജു & രെഞ്ജു അസോസിയേറ്റ്സ് |
| 17 | | 112 | പോപ്പുലർ സ്റ്റോഴ്സ് |
| 18 | 8 | 315 | മോഹൻ ഫർണീച്ചർ യൂണിറ്റ് |
| 19 | 10 | 37 | യൂനസ് ടെക്സ് |
| 20 | | 34 | അന്ന ഹോട്ടൽ |
| 21 | | 35 | ELYA സ്റ്റോഴ്സ് |
| 22 | | 156 | KOCHAL ഇംപോർട്ട്സ്& എക്സ്പോർട്ട്സ് |
| | | 176 | SUN STAR ഡിസ്ട്രിബ്യൂട്ടേഴ്സ് |
| 23 | | 179 G,H | ട്രിച്ചൂർ ഓട്ടോമൊബൈൽസ് |
| 24 | | 183 | രാജ് മോട്ടോഴ്സ് |
| 25 | | 187 | ധന്വന്തരി വെൽനസ് സെന്റർ |
| 26 | | 199,200 | ഡിവൈൻ ഓട്ടോമൊബൈൽസ് |
| 27 | | 202 | രാജ് മോട്ടോഴ്സ്,സ്പെയർ പാർട്ട്സ് |
| 28 | | 203 | അന്ന മെഡിക്കൽസ് |
| 29 | | 227 | ന്യൂ പ്രിൻസ് ഓട്ടോമൊബൈൽസ് |
| 30 | 11 | 62 | മാഞ്ഞൂരാൻസ് ടൈൽസ് |
| 31 | 12 | 209 C | ടെക്നോ ഓട്ടോ ഇലക്ട്രിക് പാർട്ട്സ് |
| 32 | | 209 F | യുണൈറ്റഡ് ഡയഗ്നോസ്റ്റിക്സ് |
| 33 | | 343 | മത്തായീസ് കാറ്ററിങ് |

| | | | |
|---|---|---|---|
| 34 | | 376 -B | വളപ്പി എജൻസീസ് |
| 35 | 13 | 318 | ജീവൻ ടൂറിസ്റ്റ് ഹോം |
| 36 | | 337 B | WE ONE ഓട്ടോമൊബൈൽസ് |
| 37 | | 343 | 24*7 ടൂവീലർ വർക്ക്ഷോപ്പ് |
| 38 | | 372 | അക്ബർ ട്രാവൽസ് |
| 39 | 14 | 34 | ജയ ഇലക്ട്രോണിക്സ് |
| 40 | | 84 | ഗുരു സ്റ്റീൽ ഫർണീച്ചർ |
| 41 | | 309 A | സ്റ്റോ വൈറ്റ് ബുട്ടീക്ക് |
| 42 | | 680 | ശ്രീ ചക്ര അസോസിയേറ്റ്സ് |
| 43 | 15 | 385 | റോസ് വേൾഡ് |
| 44 | 17 | 9 | ബെസ്റ്റ് പവർ |
| 45 | 18 | 132 | ഡൗൺ ഇന്റസ്ട്രീസ് |
| 46 | 20 | 6(3) | Munch Kins ലേഡീസ് &കിഡ്സ് ഫാഷൻ സ്റ്റോർ |
| 47 | | 43 | Vashu Vedha എഞ്ചിനീയേഴ്സ് |
| 48 | | 46 | NOVO കമ്പ്യൂട്ടേഴ്സ് |
| 49 | | 49 | Foton സിസ്റ്റം |
| 50 | | 52 | അന്ന കൂൾ സിറ്റി |
| 51 | | 68 J,K,L,M | Woodnest ഡവലപ്പേഴ്സ് Pvt Ltd |
| 52 | | 127 | City ഒപ്റ്റിക്കൽ |
| 53 | 21 | 34 | A-One ഓട്ടോ ഇലക്ട്രിക്കൽ |
| 54 | | 73 | General എഞ്ചിനീയറിങ്ങ് |
| 55 | | 824A | കോട്ടയം റബ്ബേഴ്സ് |
| 56 | | 1103 | Warehouse Of KSB MillsControll Ltd |
| 57 | 22 | 372 | ന്യൂ സ്റ്റാർ നൈറ്റ് |
| 58 | 23 | 21 | ശ്രീ ലാൻഡ് |
| 59 | | 10 | റോയൽ ഇലക്ട്രിക്കൽ& സാനിറ്ററീസ് |
| 60 | 24 | 257 | മേലേടത്ത് സ്റ്റോർ |
| 61 | 30 | 240 | കല്ലിങ്ങൽ ഫർണീച്ചർ ക്രാഫ്റ്റ് |
| 62 | | 584F | ഡ്രീം ഡേ മാട്രിമോണിയൽ സർവ്വീസ് |
| 63 | 31 | 3B1 | സ്പാർട്ടൻസ് ബൈക്ക് ആക്സസറീസ് |
| 64 | | 39 G | A.N Surgicals |
| 65 | | 47 | Q-Max ടയേഴ്സ് |
| 66 | 32 | 37 A,B | ഹെവൽ സ്റ്റാർ ബേക്കേഴ്സ് |
| 67 | 35 | 391 A,B | AGD Biomedical Pvt Ltd |
| 68 | 36 | 285 | ഹൃദ്യ ഫുഡ് ഇൻഡസ്ട്രീസ് |
| 69 | | 349 | ഇലഞ്ഞിക്കൽ സ്റ്റീൽ ഫർണീച്ചര |

| | | | |
|---|---|---|---|
| 70 | | 242B | Car World |

മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, അല്ലാത്ത പക്ഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്

1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 312,313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3,4,5 പ്രകാരം മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്ട്രേഷനോട് കൂടി പ്രവർത്തിക്കേണ്ടതാണ്.

പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ, കെ സ്മാർട്ട് എന്നിവ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. രജിസ്ട്രേഷൻ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല (നം.14/21.02.2026 ).

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | XX/973 | ഭാരത് ഡെന്റൽ ക്ലിനിക് |
| 2 | XXI/1013 | താഴത്ത് ഡെന്റൽ ക്ലിനിക് |
| 3 | XXI/596,597 | പണിക്കാരൻസ് ഡയഗ്നോസ്റ്റിക് ലാബോറട്ടറി |
| 4 | XXI/1908 | S.H. ഹോമിയോക്ലിനിക് |
| 5 | XXI/1702 | പുല്ലൻസ് ഡെന്റൽ ക്ലിനിക് |
| 6 | XX/456 | ആലേങ്ങാടൻസ് ഹോമിയോക്ലിനിക് |
| 7 | XXI/1225 | മാമ്പിള്ളി ഡെന്റൽ ക്ലിനിക് |
| 8 | XX/1972 | ഭാരത് X-Ray &Lab |
| 9 | X/484-B,C | ചാക്കോളാസ്ഡെന്റൽ ക്ലിനിക് |
| 10 | IX/433-B | ദേവജ്യോതി ഹോമിയോക്ലിനിക് |
| 11 | XVI/276-A | ത്രിത്വം നിരാമയ ആയുർവേദ ക്ലിനിക് |
| 12 | XIII/435-D6 | ക്ലാസ്സിക് ഹോമിയോക്ലിനിക് |
| 13 | II/556 | കൃഷ്ണ ഹോമിയോക്ലിനിക് |
| 14 | ----- | അഭയക്ലിനിക് |
| 15 | X/188,189 | ശ്രീ ധന്വന്തരി പഞ്ചകർമ്മ സെന്റർ |
| 16 | IX/IJKLMN | വിജയലക്ഷമി മെഡിക്കൽ സെന്റർ |
| 17 | II/501 | സെന്റ് ജോൺസ് മെഡിക്കൽ ലാബ് |
| 18 | XX/869-C | ആയുർ പദ്മ സുബ്രം ആയുർവേദ ക്ലിനിക് |
| 19 | XXX/24 | ശാന്തി ഹോമിയോ ക്ലിനിക് |
| 20 | XXI/94 | ഡെന്റ് പ്ലസ്ഡെന്റൽ ക്ലിനിക് |
| 21 | XXXV/85-C | ആർക്കേഡിയ ഡെന്റൽ ക്ലിനിക് |

രജിസ്ട്രേഷൻ ഇല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും മേൽ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളെകൊണ്ട് രജിസ്ട്രേഷൻ എടുപ്പിച്ച് രേഖകൾ സഹിതം ഹാജരാക്കേണ്ടതുമാണ്.

## 1-17 UA കെട്ടിടങ്ങളുടെ കുടിശ്ശിക -അപാകങ്ങൾ

കെ-സ്മാർട്ട് പരിശോധിച്ചതിൻ പ്രകാരം നഗരസഭയിലെ താഴെ സൂചിപ്പിച്ചിരിക്കുന്ന അനധികൃത കെട്ടിടങ്ങളിൽ (UA രജിസ്റ്റർ പ്രകാരമുള്ളത്) നിന്നും പട്ടികപ്പെടുത്തിയ കാലയളവ് മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | നിലവിലെ വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 1 | 3/43 | മനു, രമാദേവി | 9,655 | 2022-23മുതൽ 2024-25 വരെ |
| 2 | 14/122A | ഇൻഡസ് ടവർ ലിമിറ്റഡ് | 10,315 | 2024-25 |
| 3 | 1/55(1) | വഹീത് | 7,364 | 2016-17 മുതൽ 2024-25 വരെ |
| 4 | 21/1096(1) | പ്രസിഡന്റ്, ബി.ജെ.പി, ചാലക്കുടി നിയോജക മണ്ഡലം | 2,43,733 | 2017-18 മുതൽ 2024-25 വരെ |
| 5 | 21/978(A) | ശരൻകുട്ടി & അതേഷ് | 31,965 | 2024-25 |

മേൽ കെട്ടിടങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/26.02.26) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്തതിനാൽ പൊതുവിഭാഗം ഫണ്ട് സ്രോതസിൽ നിന്ന് കുറവ് ചെയ്തു

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ 8-ാമത്തെ ശുപാർശ പ്രകാരം തനത് റവന്യൂ ഡിമാന്റിന്റെ 90% കളക്ട് ചെയ്യാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വർഷം മുതലുള്ള അലോട്ട്മെന്റിൽ നിന്നും എസ്.സി/എസ്.ടി ഫണ്ടുകൾ ഒഴികെയുള്ള പൊതുവിഭാഗം ഫണ്ടിന്റെ 3-ാം ഗഡുവിൽ നിന്ന് 1% തുക ഈടാക്കുന്നതിന് സ.ഉ. (കൈ) 179/2022/ധന. തീയതി 18.10.22 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.
2024-25 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B14 പ്രകാരമുള്ള കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | Schedule B14: Sudry Debtors (Receivables) | തുക |
|---|---|---|
| 1 | Receivables For Property Taxes (Current) | 2,32,79,281.2 |
| 2 | Receivables For Property Taxes (Arrears) | 3,74,67,274 |
| 3 | Receivables For Profession Tax - Institutions/Traders (Current) | 11,61,428 |
| 4 | Receivables For Profession Tax - Institutions/ Traders (Arrears) | 24,53,538 |
| 5 | Receivable For License Fees (Current) | 74,500 |
| | | |

| | | |
|---|---|---|
| 6 | Receivable For License Fees (Arrears) | 4,46,110 |
| 7 | Rent Receivable From Buildings (Current) | 13,96,260 |
| 8 | Rent Receivable From Buildings(Arrears) | 9,81,239 |

2023-24 സാമ്പത്തിക വർഷം തനത് റവന്യു ഡിമാന്റിന്റെ 90 ശതമാനം പിരിച്ചെടുക്കാത്തതിനാൽ, 2024-25 സാമ്പത്തിക വർഷം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്നാം ഗഡു വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള 20.02.2025 തീയതിയിലെ സ.ഉ. (സാധാ) നം.1625/2025/ധന. നമ്പർ ഉത്തരവിൽ, ചാലക്കുടി നഗരസഭയുടെ വികസനഫണ്ടിൽ നിന്നും 4,82,920രൂപ കുറവ് ചെയ്തിട്ടുണ്ട്.

മേൽ പട്ടിക പ്രകാരമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32/26.02.26 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തനതുവരുമാനം യഥാസമയം പിരിച്ചെടുത്ത് സർക്കാരിൽ നിന്നും ലഭിക്കുന്ന വികസന ഫണ്ടുകൾ നഷ്ടമാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വിനോദ നികുതി ഈടാക്കുന്നത് സംബന്ധിച്ച അപാകതകൾ

31.01.2024 ലെ സ.ഉ (കൈ )നം 17/2024/ത.സ്വ.ഭ.വ പ്രകാരം 100 രൂപയോ അതിൽ കുറവോ പേയ്മെന്റ് ഫോർ അഡ്മിഷൻ ഉള്ള ടിക്കറ്റുകൾക്ക് 5% വും 100 രൂപയിൽ കൂടുതൽ ഉള്ള ടിക്കറ്റുകൾക്ക് 8.5% വും ആണ് വിനോദനികുതിയായി ഈടാക്കേണ്ടത്. 1961 ലെ കേരള പ്രാദേശികവിനോദനികുതി നിയമം, 2(7) പ്രകാരം പേയ്മെന്റ് ഫോർ അഡ്മിഷൻ എന്നത് പ്രവേശന വിലയ്ക്ക് (Price For Admission) പുറമേ, വിനോദത്തിൽ പങ്കെടുക്കുന്നതിനോ തുടരുന്നതിനോ ഒരാൾ അടയ്ക്കേണ്ട മുഴുവൻ തുകകളും ഉൾപ്പെടുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ചാലക്കുടി മുനിലിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്ന D സിനിമാസ്, സുരഭി മൂവീസ് എന്നിവ ഓഡിറ്റ് വർഷം വിനോദ നികുതി അടവാക്കിയിട്ടുണ്ട്.
ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.
എ) സ്റ്റേറ്റ്മെന്റ്സ് പരിശോധിച്ചതിൽ മേൽ ഉത്തരവിന് അനുസൃതമായിട്ടല്ല വിനോദ നികുതി ഈടാക്കിയിട്ടുള്ളത്.വിശദാംശങ്ങൾ ചേർക്കുന്നു.

സുരഭി മൂവീസ്

| ടിക്കറ്റ് തരം | Price For Admission | Payment For Admission (Price For Admission +Cess+SC+GST) | ഈടാക്കിയ വിനോദ നികുതി | ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി | ഒരു ടിക്കറ്റിൻമേലുള്ള വ്യത്യാസം |
|---|---|---|---|---|---|
| പ്ലാറ്റിനം | 103.96 | 130.16 | 8.5% Of 103.96= 8.84 | 8.5%Of 130.16= 11.06 | 2.22 |
| ഗോൾഡ് | 99.35 | 124.03 | 5% Of 99.35=4.97 | 8.5% Of 124.03=10.54 | 5.57 |

D സിനിമാസ്

| ടിക്കറ്റ് | Price For Admission | Payment For Admission (Price For Admission +Cess+SC+GST) | ഈടാക്കിയ വിനോദ നികുതി | ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി | ഒരു ടിക്കറ്റിൻമേലുള്ള വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പ്ലാറ്റിനം | 229.71 | 280.47 | 8.5% Of 229.71= 19.53 | 8.5%Of 280.47= 23.84 | 4.31 |
| ഗോൾഡ് | 112.55 | 140.43 | 8.5% Of 112.55=9.57 | 8.5% Of 140.43 =11.94 | 2.37 |

24-25 സാമ്പത്തിക വർഷം വിനോദനികുതി അടവാക്കുന്നതിന് ആധാരമാക്കിയ ടിക്കറ്റുകളുടെ വിശദാംശം താഴെ ചേർക്കുന്നു

| തീയേറ്റർ | ടിക്കറ്റ് തരം | എണ്ണം | ഈടാക്കിയ വിനോദ നികുതി | ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി | വ്യത്യാസം |
|---|---|---|---|---|---|
| സുരഭി മൂവീസ് | പ്ലാറ്റിനം | 349 | 349x8.84=3085 | 349x11.06=3860 | 775 |
| | ഗോൾഡ് | 344397 | 344397x4.97= 17,11,653 | 344397x10.54= 36,29,944 | 19,18,291 |
| D സിനിമാസ് | പ്ലാറ്റിനം | 11966 | 11966x19.53= 2,33,695 | 11966x23.84= 285269 | 51573 |
| | ഗോൾഡ് | 381080 | 381080x9.57=3646935 | 381080x11.94= 4550095 | 903159 |
| ആകെ | | | 55,95,368 | 84,69,168 | 28,73,798 |

ബി) ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണം അനുസരിച്ച് വിനോദനികുതി ഈടാക്കുന്നതിനു പകരം വിനോദനികുതി കണക്കാക്കി സ്ഥാപന ഉടമ സമർപ്പിച്ച പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് വിനോദനികുതി ഈടാക്കിയിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി നം. 26/ 25.02.2026)

സർക്കാർ ഉത്തരവ് പ്രകാരം വിനോദനികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 മുൻകൂർ തുക നൽകിയത് ക്രമീകരിച്ചിട്ടില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും സർക്കാർ ഏജൻസികൾക്കും മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു

| ക്രമ നമ്പർ | ഹെഡ് കോഡ് | ഇനം | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 4601001 | Festival Advance | 45,978 |
| 2 | 4601002 | Imprest | 5,743 |
| 3 | 4601004 | Marriage Loan | 6,84,000 |
| 4 | 4601099 | Other Loans And Advances | 21,55,489 |
| 5 | 4605004 | Temporary Advances For Official Purposes | 15,32,848 |
| 6 | 4605002 | Advance To Implementing Agencies | 58,84,693 |
| 7 | 4604002 | Advance To Contractors | 4,29,10,859 |
| 8 | 4606001 | Electricity Deposits | 38,44,690 |
| 9 | 4606003 | Water Deposits | 2,40,18,791 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഒ(പി) നം.419/11/ഫിൻ.തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ (ക്രമ നം. 1 മുതൽ 5 വരെയുള്ളവ )3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നതീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ ഏജൻസികൾക്ക് തുകകൾ ഡെപ്പോസിറ്റ് ചെയ്തതവയിൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നുവെന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/ 23.02.2026)

## 1-21 മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല

പ്രോജക്ട് നം.06/25--വി. ആർ. പുരം അർബൻ ഹെൽത്ത് സെന്ററിലേക്ക് മരുന്നും ഉപകരണങ്ങളും ലാബ് റീ എജന്റുകളും ലഭ്യമാക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ--മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ-- 5,00,000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ്--4,63,275

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം മരുന്ന് ലഭ്യമാകുന്നതിന് KMSCL ന് 4,13,275 രൂപ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രകാരം മരുന്നുകൾ ലഭ്യമാകാനുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോഫോർമ ഇൻവോയ്സ് നമ്പർ | വൗച്ചർ നമ്പർ | ലഭിച്ച മരുന്നുകൾ (ഇൻവോയ്സ് നമ്പർ/തുക) | ബാക്കി |
|---|---|---|---|---|---|
| 1 | 6/2025 | PF-3674 തി.15.02.2025 തുക--1,21,118/- | JMO80400-24000872/ 25.02.2025 | 2722/17.12.25 --30781 | 90337 |
| 2 | | PF-4154 തി.10.03.2025 തുക--1,76,882/- | J-MO80400-24001017 / 12.03.2025 | 0 | 1,76,882/- |
| 3 | | PF-4624 തി.21.03.2025 തുക.1,15,275/- | J-MO80400-24000922 / 22.03.2025 | 0 | 1,15,275/- |

ലഭ്യമാകാനുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/20.02.2026) മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 RRF ലേക്കാവശ്യമായ മാലിന്യ സംസ്കരണ യന്ത്രങ്ങൾ വാങ്ങിയത് നിശ്ചലാവസ്ഥയിൽ തുടരുന്നു

പദ്ധതി നം – 139/2025 ചാലക്കുടി നഗരസഭ-KSWMP-RRF ലേക്കാവശ്യമായ മാലിന്യ സംസ്കരണ യന്ത്രങ്ങൾ വാങ്ങി സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ -- ഹെൽത്ത് സൂപ്പർവൈസർ(മുനിസിപ്പാലിറ്റി)

അടങ്കൽ – 1451910 (ലോകബാങ്ക്)

ചെലവ് – 729900

വൗച്ചർ നമ്പർ – J-MO80400-24000903 /18.10.2024 – 119700
വൗച്ചർ നമ്പർ --- J-MO80400-24001080 /23.08.2024 --99270
വൗച്ചർ നമ്പർ – J-M080400-24000980 /31.03.2025 --231630
വൗച്ചർ നമ്പർ -- J-M080400-24000663 / 31.03.2025 --279300

മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരം RRF ലേക്ക് പ്ലാസ്റ്റിക്ക് വേസ്റ്റ് സെഗ്രഗേഷൻ കൺവെയർ,ബെയ് ലിങ്ങ് മെഷീൻ യൂണിറ്റ് എന്നിവ വാങ്ങിയിട്ടുണ്ട്. TRAIAC എന്ന സ്ഥാപനം ഇൻവോയ്സ് നം.GEM49215998 / 18.10.24 – 399000 പ്രകാരം പ്ലാസ്റ്റിക്ക് വേസ്റ്റ് സെഗ്രഗേഷൻ കൺവെയറും,Clean Waste Planning India എന്ന സ്ഥാപനം ഇൻവോയ്സ് നം.GEM42266990 / 22.03.24 --330000 പ്രകാരം Bailing Machine യൂണിറ്റും നഗരസഭയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഈ മെഷീനറികൾ പ്രവർത്തനക്ഷമമാണോ,പ്രവർത്തനക്ഷമമല്ലെങ്കിൽ ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(6/20.02.26) മറുപടിയായി RRF ലെ MCCB യ്ക്ക് തകരാർ സംഭവിച്ചതിനാൽ നവംബർ 18,2025 മുതൽ ഈ മെഷീനറികൾ പ്രവർത്തനക്ഷമമല്ലെന്നും MCCB ശരിയാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം 21.02.2026-ൽ നടത്തിയ സ്ഥല പരിശോധനയിൽ മുകളിൽ പ്രസ്താവിച്ച മെഷിനറികൾ നിശ്ചലാവസ്ഥയിലായാണ് കാണപ്പെട്ടത്.





MCF/RRF ൽ മാലിന്യങ്ങൾ ചാക്കുകളിലാക്കി സൂക്ഷിച്ചിരിക്കുന്നു. MCF/RRF ൽ വേണ്ടത്ര അഗ്നി സുരക്ഷ സംവിധാനങ്ങളില്ല. 2020 ജനുവരി മാസത്തിൽ MCF/RRF -ലെ മാലിന്യങ്ങൾ കത്തിയതിന്, നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ 2.75 കോടി രൂപ നഗരസഭക്ക് പിഴ വിധിച്ചിരുന്നു. ആയതിനാൽ MCF/RRF ലെ മെഷീനറികൾ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കി മാലിന്യക്കൂമ്പാരം നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 സുവർണ്ണ ഗൃഹം പണിയുന്ന സ്ഥലത്ത് ജെ.സി.ബി ഉപയോഗിച്ച് മണ്ണിട്ട പ്രവൃത്തിയുടെ രേഖകൾ ലഭ്യമാക്കിയില്ല

ഫയൽ നം.1510955-2024 തിയ്യതി 22.06.2024 പ്രകാരം സുവർണ്ണ ഗൃഹം പണിയുന്ന സ്ഥലത്ത് ജെ.സി.ബി ഉപയോഗിച്ച് മണ്ണിട്ടതിന് 173290 രൂപ വൗച്ചർ നം.P-MO80400-24000345/ 26.06.2024 പ്രകാരം ശ്രീ. ജോഷി റ്റി. റ്റി. എന്നവർക്ക് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ പ്രകാരമാണ് ശ്രീ. ജോഷി റ്റി.റ്റി. എന്നവരെ തെരെഞ്ഞെടുത്തിട്ടുള്ളത്. 1.5 യൂണിറ്റ് വണ്ടി ഒന്നിന് 800 രൂപയും ജെ.സി.ബി മണിക്കൂറിന് 1200 രൂപയുമാണ് ശ്രീ. ജോഷി റ്റി.റ്റി. ക്വോട്ട് ചെയ്തിട്ടുള്ള നിരക്ക്.Celin Rose Hitachi Earth Movers 175040 രൂപയുടെ ബിൽ (നം.2960) ഹാജരാക്കിയത് പ്രകാരമാണ് തുക കൈമാറിയിട്ടുള്ളത്.ബില്ലിൽ പറയുന്ന പ്രവൃത്തികളുടെ നിരക്കും തുകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ജെ.സി.ബി വാടക | 1200x55.2 | 66,240 |
| Soil Shifting Tipper Rent | 800x125 | 1,00,000 |
| Boler Shifting Tipper Rent | 800x11 | 8,800 |
| ആകെ തുക | | 1,75,040 |

ഭരണ സമിതിയുടെ 07.06.2024 ലെ തീരുമാനം 19 പ്രകാരം തുക അംഗീകരിക്കുകയും പ്രസ്തുത തുക ശ്രീ. ജോഷി റ്റി.റ്റി. എന്നവർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന

അപാകങ്ങളുള്ളതായി ബോധ്യപ്പെടുന്നു.

1. ഈ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2. സുവർണ്ണ ഗൃഹം പണിയുന്ന സ്ഥലത്ത് ഇട്ട മണ്ണിന്റെ മൂല്യ നിർണ്ണയം നടത്തിയ സാക്ഷ്യപത്രമില്ല.

3. ശ്രീ. ജോഷി റ്റി.റ്റി. എന്നവരുടെ പൂർത്തീകരിച്ച പ്രവൃത്തി, ബിൽ പ്രകാരം നിർവ്വഹിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന ഓവർസിയറുടെ/അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് എന്നിവയില്ല.
4. പ്രവൃത്തിയുടെ മൂല്യം ഒരു ലക്ഷത്തിന് മേലേ ആയതിനാൽ ക്വട്ടേഷനു പകരം ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടിയിരുന്നത്.

5. സുവർണ്ണ ഗൃഹം പണിയുന്ന സ്ഥലത്ത് മണ്ണിട്ട പ്രവൃത്തി സുവർണ്ണ ഗൃഹം നിർമ്മാണ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണോയെന്നുള്ള കാര്യം വ്യക്തമല്ല.ആയത് പരിശോധിക്കേണ്ടതാണ്.
മേൽപ്പറഞ്ഞ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (25/25.02.2026) യ്ക്ക് മറുപടിയോ അനുബന്ധരേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത്തരം പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ്, മണ്ണിന്റെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം എന്നിവ ലഭ്യമായതിനുശേഷം മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ചെലവ് രേഖകൾ ഹാജരാക്കിയില്ല --ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
1. പ്രൊജക്ട് നമ്പർ : 118/2025 അജൈവ മാലിന്യ സംസ്കരണം
അടങ്കൽ : 60,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )
ചെലവ് : 39,65,374

വൗച്ചർ നമ്പർ : P-MO80400-25000311 /31.03.2025 – 23,68,477

വൗച്ചർ നമ്പർ : P-MO80400-24001544/ 31.03.2025 – 9,26,759

വൗച്ചർ നമ്പർ : P-MO80400-24001553 / 31.03.2025 – 5,32,836
2.പ്രൊജക്ട് നമ്പർ : 124/2025 മഴക്കാല- ഉത്സവകാല പൂർവ്വശുചീകരണം- നഗരസഭയിലെ വാർഡുകളിലെ പൊതുസ്ഥലങ്ങൾ ശുചീകരണം
അടങ്കൽ : 25,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് )
ചെലവ് : 9,51,225

വൗച്ചർ നമ്പർ : P-MO80400-24001358 /31.03.2025 – 7,76,050

വൗച്ചർ നമ്പർ : P-MO80400-24001555 / 31.03.2025 – 1,75,175
മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.03/20.02.2026 നൽകിയെങ്കിലും രേഖകളൊന്നും തന്നെ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ടിന്റെ ചെലവു തുകയായ 49,16,599 രൂപ (9,51,225 + 39,65,374) തടസ്സപ്പെടുത്തുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം പട്ടികയിൽ കാണുന്ന പദ്ധതികളുടെ രേഖകൾ ഹാജരാക്കാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12പ്രകാരം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതും ചെലവു തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതുമാണ്.

## 1-25 പെൻഷനാനുകൂല്യങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനു മുൻപ് തന്നെ പെൻഷൻ കുടിശ്ശികയനുവദിച്ചു-പെൻഷനാനുകൂല്യങ്ങൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| കെ സ്മാർട്ട് ഫയൽ നമ്പർ | 1212714-2024 |
| ബിൽ തുക | 11,02,051 രൂപ (തനതു ഫണ്ട്) |
| ചെക്ക് നമ്പർ/തീയതി | XY6538335/13.01.2025 |

മേൽ സൂചിപ്പിച്ച ചെക്ക് പ്രകാരം ചാലക്കുടി നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തുവരവെ 22.09.2013

ൽ മരണപ്പെട്ട ക്ലർക്ക് സുബ്രൻ വി. കെ. എന്നവരുടെ ഭാര്യയായ സുധർമ പി. സി. എന്നവർക്ക് 23.09.2013 മുതൽ 01.08.2022 വരെയുള്ള പെൻഷൻ കുടിശ്ശിക ബഹു. നഗരസഭ കൗൺസിലിന്റെ 01.11.2024 തീയതിയിലെ 6 നമ്പർ തീരുമാനപ്രകാരം അനുവദിച്ചിട്ടുണ്ട്. ശ്രീമതി. സുധർമ്മ പി. സി.-യുടെ കുടുംബ പെൻഷനാനുകൂല്യങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനു മുൻപ് തന്നെ 23.9.2013 മുതൽ 01.08.2022 വരെയുള്ള കാലയളവിലെ മിനിമം കുടുംബപെൻഷൻ തുകയാണ് കുടിശ്ശികയായി അനുവദിച്ചിട്ടുള്ളത്. മനുഷ്യാവകാശ കമ്മീഷന്റെ 09.05.2024 ലെ എച്ച് ആർ എം പി നമ്പർ 8171/11/3/2023/ഇ കെ എം ഉത്തരവ് പ്രകാരമാണ് ഈ കുടിശ്ശിക തുക അനുവദിക്കുന്നതെന്നാണ് കെ സ്മാർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
ശ്രീമതി. സുധർമ്മ പി.സി.-യുടെ കുടുംബ പെൻഷനാനുകൂല്യങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനു വിധേയമായി കുടിശ്ശിക തുക പുനർനിശ്ചയിക്കേണ്ടതാണ്. ശ്രീമതി. സുധർമ്മയുടെ കുടുംബ പെൻഷനാനുകൂല്യങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനു വേണ്ട നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.27/26.02.2026)

## 1-26 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സാക്ഷരതാ പ്രേരകുമാർക്ക് കുടിശ്ശികയനുവദിച്ചു

| | |
|---|---|
| കെ സ്മാർട്ട് ഫയൽ നമ്പർ | 1660498-2024 |
| ബിൽ തുക | 1,69,200രൂ (തനതു ഫണ്ട്) |
| ചെക്ക് നമ്പർ/തീയതി | 215789/15.07.2024 |

മേൽ സൂചിപ്പിച്ച ചെക്ക് പ്രകാരം നഗരസഭയിലെ സാക്ഷരതാ പ്രേരകുമാരായി ജോലി ചെയ്തു വരുന്ന ശ്രീമതി സുജപോൾ, ശ്രീമതി ബിന്ദു സി. ബി. എന്നിവർക്ക് 23.09.2023 മുതൽ 31.03.2024 വരെയുള്ള ഓണറേറിയം കുടിശ്ശിക താഴെ കാണും പ്രകാരം അനുവദിച്ചിരുന്നു.

| ക്രമ നമ്പർ | പേര്/തസ്തിക | കുടിശ്ശിക | റിമാർക്സ് |
|---|---|---|---|
| 1 | സുജപോൾ (നോഡൽ പ്രേരക്) | 94,000 | മാസം 15,000 രൂപ നിരക്കിൽ |
| 2 | ബിന്ദു സി. ബി. (പ്രേരക്) | 75,200 | മാസം 12,000 രൂപ നിരക്കിൽ |

09.07.2024-ലെ സ.ഉ (സാധാ) നം.743/2024/തസ്വഭവ ഉത്തരവു പ്രകാരം ഓണറേറിയത്തിന്റെ 60% തുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടത്. ശേഷിക്കുന്ന 40% തുക സാക്ഷരതാ മിഷൻ നേരിട്ട് പ്രേരകുമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. എന്നാൽ മേൽ ബിൽ പ്രകാരം പ്രേരകുമാരുടെ 23.09.2023 മുതൽ 31.03.2024 വരെയുള്ള ഓണറേറിയം കുടിശ്ശിക പൂർണമായും നഗരസഭ തന്നെ നൽകുകയാണ് ചെയ്തിട്ടുള്ളത്. നഗരസഭയിലെ സാക്ഷരതാ പ്രേരകുമാർക്ക് സർക്കാർ ഉത്തരവു പ്രകാരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് അനുവദിക്കാവുന്ന കുടിശ്ശിക (60% നിരക്കിൽ) തുക താഴെ കാണും പ്രകാരമാണ്.

| ക്രമ നമ്പർ | പേര്/തസ്തിക | കുടിശ്ശിക | റിമാർക്സ് |
|---|---|---|---|
| 1 | സുജപോൾ (നോഡൽ പ്രേരക്) | 56,400 | മാസം 9,000 രൂപ നിരക്കിൽ |
| 2 | ബിന്ദു സി. ബി. (പ്രേരക്) | 45,120 | മാസം 7,200 രൂപ നിരക്കിൽ |

പ്രേരകുമാർക്ക് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക തിരികെ ഈടാക്കിയോ എന്നത് വ്യക്തമല്ല. തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ.28/26.02.2026)

## 1-27 കെ എസ് ഇ ബി- പോസ്റ്റ് ഷിഫ്റ്റിംഗിന് തുക കൈമാറി- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ

സ.ഉ(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022 പദ്ധതി മാർഗ്ഗരേഖ ഖ.12.2(ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിനായി തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഈ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | അടങ്കൽ/ ഫണ്ട് | വൗച്ചർ /ചെലവ് | തുക നല്കിയത് |
|---|---|---|---|
| 449/25- വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 5,40,000/ ധനകാര്യ കമ്മീഷൻ അവാർഡ് | PM080400-25000268/21.10.2024 – 19,466<br>PM080400-25000272/30.10.2024-2,23,539<br>P-M080400-25000276/26.11.2024 -35,421<br>P-M080400-24001597/06.12.2024--55,307<br>P-M080400-24001286/ 29.01.2025-22,858<br>P-M080400-24001287 /29.01.2025-21,802 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി. ചാലക്കുടി |
| | | ആകെ- 3,78,393 രൂപ | |

വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.10/20.02.2026).

## 1-28 റിവൈസ്ഡ് എസ്റ്റിമേറ്റ്- എക്സ്ട്രാ ഇനങ്ങൾക്കായുള്ള സപ്ലിമെന്ററി കരാറിൽ അംഗീകരിച്ച നിരക്കിനൊപ്പം ടെണ്ടർ വ്യതിയാനവും അനുവദിച്ചു-25901 രൂപ നിരാകരിക്കുന്നു

| പ്രോജക്ട് നമ്പർ/പേര് | 229/25, 16 പുര കോളനി റോഡ് നവീകരണം (സ്പിൽ ഓവർ) |
|---|---|
| പ്രോജക്ട് അടങ്കൽ | 3,29,576 (മെയിന്റനൻസ് ഗ്രാന്റ് (റോഡ്)) |
| ചെലവു തുക | 3,25,982- ഫൈനൽ ബിൽ |
| വൗച്ചർ നമ്പർ/തീയതി | J-M080400-24001206 /06.03.2025 |
| കരാറുകാരന്റെ പേര് | ശ്രീ. ജിജിമോൻ എൻ. എ. |
| എഗ്രിമെന്റ് നം/തീയതി | 81/ 2023-24 തീ. 15.02.2024 |
| സപ്ളിമെന്ററി എഗ്രിമെന്റ് നം/ തീയതി | 81/ 2023-24 (S) തീ. 01.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 16 പുര കോളനി റോഡിന്റെയും 16 പുര കോളനി റോഡ് ബൈലൈനുകളുടെയും ടാറിംഗ് പ്രവൃത്തികൾക്കുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിനായി കരാറുകാരനായ ജിജിമോൻ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 9.99% ഉയർന്ന നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ എല്ലാ വർഷവും വെള്ളം കയറുന്ന പ്രദേശമായതിനാൽ ടാറിംഗ് മാറ്റി കോൺക്രീറ്റിംഗ് ആക്കണമെന്ന വാർഡ് കൗൺസിലറുടെ അഭ്യർത്ഥനയെത്തുടർന്ന് 11.09.2024-ലെ 9-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനുമായി അനുബന്ധ കരാറിലേർപ്പെട്ടിരുന്നു. അനുബന്ധ കരാറിന്റെ ഭാഗമായ ഷെഡ്യൂളിൽ വിവരിച്ചിരിക്കുന്ന പ്രവൃത്തികൾ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിലും നിരക്കിലും ചെയ്തു തരാമെന്നാണ് കരാറുകാരൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ എക്സ്ട്രാ ഇനമായി ചെയ്ത ഈ പ്രവൃത്തികൾക്ക് അനുബന്ധ കരാറിന്റെ ഭാഗമായ ഷെഡ്യൂളിലെ നിരക്കിന് പുറമേ 9.99% ടെണ്ടർ അധികം കൂടെ അനുവദിച്ചിട്ടുണ്ട്. അനുബന്ധ കരാറിലെ വ്യവസ്ഥക്ക് വിരുദ്ധമായി 9.99% ടെണ്ടർ അധികമായ 25,901.32 രൂപ (ആകെ പ്രവൃത്തി മൂല്യം- 2,51,164.33) കരാറുകാരന് അനുവദിച്ചത് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.4/19.02.2026)

## 1-29 മരുന്നുകൾ ലഭ്യമായില്ല- 8,140 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

വെറ്ററിനറി സർജൻ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചത് പ്രകാരമുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.വെറ്ററിനറി സർജൻ താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| പ്രോജക്റ്റ് | ഫണ്ട്/അടങ്കൽ | വൗച്ചർ നമ്പർ/ തീയ്യതി | തുക | അഭിപ്രായം |
|---|---|---|---|---|
| 76/25 മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 5,00,000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) | J-M080400-24000943/ 13.11.2024 | 4,99,974 | തൃശ്ശൂർ ജില്ലാ ഗവ. ടീച്ചേർസ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി, നീതി മെഡിക്കൽ സ്റ്റോർ, കൊടകരയിൽ നിന്നും ഇൻവോയ്സ് നമ്പർ 21415/07.01.2024 പ്രകാരം 4,99,974 രൂപയുടെ വിവിധ മരുന്നുകൾ വാങ്ങിയതിന് ലിമിറ്റ് ചെയ്ത് നല്കിയ തുക. |

മേൽ പ്രോജക്റ്റിൽ നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയ മരുന്നിൽ ക്രമനമ്പർ 40 ആയി രേഖപ്പെടുത്തിയിട്ടുള്ള " PENDOBAN 1 BOLUS 3GM -30049085 (BATCH EXPIRY 3007-05/26)" 100 എണ്ണം 68രൂപ നിരക്കിൽ 6800 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഈ ബിൽ പ്രകാരം വാങ്ങിയ മരുന്നുകളുടെ രസീത്, ഇഷ്യു, ക്ലോസിംഗ് ബാലൻസ് വിവരങ്ങൾ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ(New) ലാണ് രേഖപ്പെടുത്തി വരുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ തീയ്യതിയിൽ വാങ്ങിയ മരുന്ന് വന്നതായി രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് നടക്കുന്ന തീയ്യതിയിലെ സ്റ്റോക്ക് ബുക്ക് പരിശോധന പ്രകാരം) . അതായത് നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയ മരുന്നിന്റെ അളവ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

(എ) കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 148 (എ)(i), (Iv) എന്നിവ പ്രകാരം ബിൽ പ്രകാരം ലഭ്യമായ സാധനങ്ങൾ പരിശോധിച്ച് സ്റ്റോക്കിലെടുത്ത ശേഷമേ സപ്ലെയർക്ക് തുക നല്കാവൂ. ഈ ബിൽ പ്രകാരമുള്ള എല്ലാ മരുന്നും ലഭ്യമായി എന്ന് ഉറപ്പാക്കാതെയും, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയും നിർവ്വഹണോദ്യോഗസ്ഥൻ തുക നല്കിയിരിക്കുന്നു.
(ബി) ഈ ബിൽ പ്രകാരമുള്ള സ്റ്റോക്ക് യഥാർത്ഥത്തിൽ ലഭ്യമായിരുന്നെങ്കിൽ കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 158 പ്രകാരം മരുന്നുകളുടെ വാർഷിക ഭൗതിക പരിശോധന നടത്തിയപ്പോൾ വ്യത്യാസം ശ്രദ്ധയിൽപ്പെടേണ്ടിയിരുന്നതാണ്. അപ്രകാരം കൂടുതലായി കണ്ട സ്റ്റോക്ക് കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 161 പ്രകാരം കണക്കിലെടുക്കിലെടുക്കേണ്ടിയിരുന്നതാണ്. എന്നാൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.
ഭൗതിക പരിശോധനയിൽ വ്യത്യാസം ശ്രദ്ധയിൽപ്പെടേണ്ടിയിരുന്നു.

2.വാങ്ങിയ മരുന്ന് വിതരണം ചെയ്യാതെ ബാക്കി നിൽക്കുന്നു.

| പ്രോജക്റ്റ് | ഫണ്ട്/അടങ്കൽ | വൗച്ചർ നമ്പർ/ തീയ്യതി | തുക | തീയ്യതി |
|---|---|---|---|---|
| 98/25 | 50,000 | J- | 50,000 | ആമ്പല്ലൂർ ടൗൺ |

| | | | | |
|---|---|---|---|---|
| മൃഗാശുപത്രിയിലേയ്ക്ക് കൺസ്യൂമബിൾസ് വാങ്ങൽ | (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) | M080400-24000779/ 14.02.2025 | | കോ. ഓപ്പറേറ്റീവ് സൊസൈറ്റി, നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും ഇൻവോയ്സ് നമ്പർ 16472/11.01.2025 പ്രകാരം 50,000 രൂപയുടെ വിവിധ മരുന്നുകൾ വാങ്ങിയതിന് ലിമിറ്റ് ചെയ്ത് നല്കിയ തുക. |

മേൽ പ്രോജക്റ്റിൽ നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയ മരുന്നിൽ ക്രമനമ്പർ 27 ആയി രേഖപ്പെടുത്തിയിട്ടുള്ള " SURGICAL GLOVES 7.5 -40151100 (BATCH EXPIRY 010231002-01/26)" 100 എണ്ണം 135രൂപ നിരക്കിൽ 13500 രൂപയുടെ ഈ ഇനം 1634 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഈ ഇനം രസീത്, ഇഷ്യൂ, ക്ലോസിംഗ് ബാലൻസ് വിവരങ്ങൾ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ(കൺസ്യൂമബിൾസ് ) പേജ് നം.14 ലാണ് രേഖപ്പെടുത്തി വരുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 10.04.2025 വിതരണം ചെയ്തതിന് ശേഷം വിതരണം ചെയ്തിട്ടില്ല. 82 എണ്ണം നിലവിൽ വിതരണം ചെയ്യാതെ ബാക്കിയുണ്ട്. EXPIRY തിയതി കഴിഞ്ഞതിനാൽ 82 എണ്ണം " SURGICAL GLOVES" ന്റെ വില 1340 (1634/100*82) ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് നടക്കുന്ന തീയ്യതിയിലെ സ്റ്റോക്ക് ബുക്ക് പരിശോധന പ്രകാരം) .

മുകളിൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 07/20.02.2026 )ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് സ്റ്റോക്കിലെടുക്കാൻ വിട്ടുപോയതാണെന്നും ഇവ വിതരണം ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം മരുന്ന് സ്റ്റോക്കിലെടുക്കാൻ വിട്ടുപോയതാണെങ്കിൽ സ്റ്റോക്ക് ഭൗതിക പരിശോധനയിൽ വ്യത്യാസം ശ്രദ്ധയിൽപ്പെടേണ്ടിയിരുന്നു. ഇക്കാരണത്താൽ മറുപടി അംഗീകരിക്കുന്നില്ല.
മേൽ കാരണങ്ങളാൽ ഈ മരുന്ന് ലഭ്യമായിട്ടില്ല എന്ന നിഗമനത്തിലും മരുന്ന് വില 6,800 രൂപയും " SURGICAL GLOVES" ന്റെ വില 1340 രൂപയും ചേർത്ത് ആകെ 8140 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കേരള ഫിനാൻഷ്യൽ കോഡിലെ നിർദ്ദേശങ്ങൾ പാലിക്കാതെ തുക നല്കിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.07/20.02.2026)

## 1-30 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം- പ്രൊജക്ട് പ്രകാരം ശുചീകരണം നടത്തിയതിന് പുറമെ വർഷത്തിൽ എല്ലാമാസവും ദിവസ വേതനക്കാർക്ക് തുക നൽകുന്നു.

നഗരസഭയിലെ 36 വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് പ്രൊജക്ട് നം.124/25 പ്രകാരം 9,51,225 രൂപയും (പ്രൊജക്ട്,ഫയൽ എന്നിവ ലഭ്യമാക്കിയിട്ടില്ല) ഒരു വാർഡിന് 20,000 രൂപ വീതം 36 വാർഡുകളിലേയ്ക്ക് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് ശുചിത്വമിഷൻ ഫണ്ട് 7,20,000 രൂപയും ചെലവ് ചെയ്തിട്ടുണ്ട്.(ചെക്ക് നം.215768/04.07.2024,ഫയൽ നം.H2-1591630/24 & H2-1583902/24) ഈ സാഹചര്യത്തിലും എല്ലാമാസവും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് 18 ദിവസ വേതനക്കാർക്ക് 2024-25 വർഷം ആകെ 31,77,550/- രൂപ ചെലവഴിച്ചുകാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ഫയൽ നമ്പർ | വേതനം നൽകിയ കാലയളവ് | നൽകിയ തുക | ചെക്ക് നമ്പർ/തിയതി |
|---|---|---|---|
| H4-13473/23 | 03/24 | 1,28,925 | 210323/12.04.2024 |
| H4-9008/23 | | 1,59,300 | (തുക-2,88,225) |

| | | | |
|---|---|---|---|
| | 04/24 | 1,29,600 | 210379/07.05.2024 (തുക-7,22,195) |
| | | 1,57,275 | |
| | 05/24 | 1,27,575 | 213079/06.06.2024 (തുക-7,92,942) |
| | | 1,66,050 | |
| | 06/24 | 1,05,300 | 215769/04.07.2024 (തുക-6,81,473) |
| | | 1,53,225 | |
| | 07/24 | 1,21,500 | 217612/06.08.2024 (തുക-7,30,610) |
| | | 1,47,825 | |
| | 08/24 | 1,08,500 | 218737/05.09.2024 (തുക-6,45,843) |
| | | 1,30,100 | |
| | 09/24 | 1,20,150 | 218801/05.10.2024 (തുക-8,49,396) |
| | | 1,15,425 | |
| | 10/24 | 1,23,525 | 218888/05.11.2024 (തുക-8,81,446) |
| | | 1,35,675 | |
| | 11/24 | 1,25,550 | 218967/02.12.2024 (തുക-8,13,431) |
| | | 1,29,600 | |
| | 12/24 | 1,24,200 | 219037/07.01.2025 (തുക-9,50,085) |
| | | 1,64,700 (11/24 ലെ ഒരു ജീവനക്കാരന്റെ തുക കൂടി ഉൾപ്പെടുത്തിയ തുക) | |
| | 01/25 | 1,25,550 | 219107/10.02.2025 (തുക-2,49,750) |
| | | 1,47,150 | 219106/ 10.02.2025 (തുക-9,50,085) |
| | 02/25 | 1,18,125 | 219179/ 07.03.2025 (തുക-6,32,987) |
| | | 1,12,725 | |
| | ആകെ | 31,77,550 | |

മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി ചെയ്യേണ്ട പ്രവർത്തിയ്ക്കാണ് മേൽപ്രകാരം വർഷത്തിൽ 12 മാസവും ദിവസ വേതനക്കാർക്ക് 31,77,550 രൂപ ചെലവഴിച്ചിട്ടുള്ളത്. നഗരസഭ ഫണ്ടിൽ നിന്നും പ്രതിവർഷം 31,77,550 ൽ അധികം തുക ഈ ഇനത്തിൽ ചെലവ് വരുന്നതായിട്ടാണ് മേൽകണക്കുകൾ സൂചിപ്പിക്കുന്നത്. പ്രൊജക്ട് പ്രകാരവും ശുചിത്വമിഷൻ ഫണ്ടും ഈ ഇനത്തിൽ ചെലവ് ചെയ്തിട്ടും ദിവസ വേതനക്കാർക്ക് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് ചെലവ് നടത്തിയതിന് മേൽപ്രകാരം തുക ചെലവഴിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/26.02.2026) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 ഫയൽ ലഭ്യമാക്കിയില്ല-3,30,388 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് - 84/25--പഠനവൈകല്ല്യമുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ
അടങ്കൽ - 5,00,000(വികസന ഫണ്ട് ജനറൽ)
ചെലവ് - 3,30,338
വൗച്ചർ നമ്പർ - JMO80400-24001072/25.03.2025 – 1,86,428
JMO80400-24000861/25.03.2025 – 1,43,960
പ്രിൻസിപ്പാൾ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ നടപ്പിലാക്കിയ പഠനവൈകല്ല്യമുള്ള കുട്ടികളെ

കണ്ടെത്തി പരിശീലനം നൽകൽ എന്ന പ്രൊജക്ട് ഫയൽ അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തുക 3,30,388 രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് റിക്വസിഷൻ 2/20.02.2026)

## 1-32 സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ- രേഖകൾ അപ്‌ലോഡ് ചെയ്യുന്നില്ല - കെ സ്മാർട്ട് ഫയലുകൾ അപൂർണം - 1,21,92,127 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു,

(1)സർക്കാർ ഉത്തരവ്(സാധാ)2545/2023 തീയ്യതി 22.12.2023 പ്രകാരം 01.01.24 മുതൽ നഗരസഭകളിൽ കെ സ്മാർട്ട് സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുള്ളതാണ്. ധനകാര്യ അക്കൗണ്ടിംഗ് രേഖപ്പെടുത്തലുകൾക്ക് പുറമെ ഫയൽ സൂക്ഷിപ്പ് പൂർണമായും ഡിജിറ്റലായി സൂക്ഷിക്കുന്ന രീതിയിലാണ് കെ സ്മാർട്ട് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം എല്ലാ ഫയലുകളും ഡിജിറ്റലായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ ചാലക്കുടി നഗരസഭയിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകളുടെ ഫയലുകൾ പൂർണമായും കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

(2) ചില പ്രോജക്റ്റുകൾ ഭാഗികമായി ഭൗതിക ഫയലായും ബാക്കി ഓൺലൈൻ ഫയലായും മറിച്ച് രണ്ട് ഫയലുകളും സമാന്തരമായി സൂക്ഷിക്കുന്നതായും കാണുന്നു.
(3) ചില ഫയലുകളിൽ ആവശ്യമായ രേഖകൾ ഒന്നും അപ്‌ലോഡ് ചെയ്യുന്നില്ല. വിശദമായ കുറിപ്പുകളോ അനുവദിക്കുന്ന തുകയോ നോട്ട് ഓൺലൈൻ ഫയലിൽ രേഖപ്പെടുത്തുന്നില്ല.
(4)പദ്ധതി ചെലവുകളുടെ ബിൽ , ടി ആർ 59 നിലവിൽ കെ സ്മാർട്ടിൽ ലഭ്യമല്ല. എന്നാൽ ബില്ല് മാറിയ ശേഷം ഇത് ഫയലിന്റെ ഭാഗമായി അപ്‌ലോഡ് ചെയ്യുന്നുമില്ല. പരിശോധനയ്ക്കായി ഇവ പ്രോജക്റ്റ് അടിസ്ഥാനത്തിൽ ഭൗതികമായി സൂക്ഷിച്ച് പോരുന്നുമില്ല. ഇത് പരിശോധന ദുഷ്കരമാക്കുന്നു.
(5)പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയലുകളിൽ യാന്ത്രികമായി പ്രോജക്റ്റ് നമ്പർ വരുന്നില്ല. ഇത് മൂലം അതാത് പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയൽ, പേയ്മെന്റ് എന്നിവ പരസ്പരം ബന്ധപ്പെടുത്താനാകുന്നില്ല.
(6)സഞ്ചിത നിധിയിൽ നിന്ന് പ്രോജക്റ്റുമായി ബന്ധപ്പെട്ട് മാറുന്ന ബില്ലുകളുടെ ചെലവിന് നേരെ ലെഡ്ജറിൽ പ്രോജക്റ്റ് നമ്പർ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഫയൽ നമ്പർ രേഖപ്പെടുത്തുന്നില്ല. മറിച്ച് ബാങ്ക് അക്കൗണ്ടിൽ നിന്ന് പ്രോജക്റ്റുമായി ബന്ധപ്പെട്ടുള്ള ചെലവുകളിൽ നിന്ന് ഫയൽ കണ്ടെത്താനാകുമെങ്കിലും പ്രോജക്ററ് നമ്പർ കണ്ടെത്താനാകുന്നില്ല.
(7) പിഎഫ്എംഎസ് മുഖേനയുള്ള പേയ്മെന്റ വൗച്ചറുകൾക്ക് ടിആർ59 ബിൽ ജനറേറ്റ് ചെയ്യുന്നുണ്ടോയെന്ന് വ്യക്തമല്ല. അത് ഓൺലൈൻ ഫയലിലും ഭൗതിക ഫയലിലും ലഭ്യമല്ല.

മേൽ സാഹചര്യത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകളിൽ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് ഓൺലൈൻ,ഭൗതിക ഫയൽ പരിശോധനയിൽ ലഭ്യമാകാത്ത രേഖകളുടെ /ഫയലുകളുടെ വിവരങ്ങൾ , പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഫയൽ നമ്പർ | ആകെ ചെലവ് | വൗച്ചർ /തീയ്യതി | അപാകതകൾ |
|---|---|---|---|---|---|
| 1 | 2/2025 ഐ.കെ.എം നഗരസഭാ വിഹിതം നല്കൽ | 2779408 (കെ സ്മാർട്ട്) | 2,73,478 (വികസനഫണ്ട്- ജനറൽ) | J-M080400-24 /19-12-24 | പ്രോജക്റ്റ് ഫയൽ, യുടിആർ, ടിആർ59 ഇ എന്നിവ ലഭ്യമാക്കി. എന്നാൽ ഈ തുക കണക്കാക്കി ആവശ്യപ്പെട്ടുള്ള ഐകെഎം ൽ നിന്നും കത്ത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല |
| 2 | 29/25 വയോമിത്രം പദ്ധതി നഗരസഭാ വിഹിതം നല്കൽ | 2778895 (കെ സ്മാർട്ട്) | 10,00,000 (വികസനഫണ്ട്- ജനറൽ) | J-M080400-24000884 /19-12-24 | യുടിആർ, ടിആർ59 ഇ എന്നിവ ലഭ്യമാക്കി. എന്നാൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നല്കിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | | | | | ഫയലിൽ ലഭ്യമല്ല. |
| 3 | 30/25 എസ് എസ് കെ നഗരസഭാ വിഹിതം നല്കൽ | 2778961 (കെ സ്മാർട്ട്) | 20,00,000 (വികസനഫണ്ട്-ജനറൽ) | J-M080400-24001146 /19-12-24 | പ്രോജക്റ്റ് ലഭ്യമാക്കി. രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. |
| 4 | 31/25 ലൈഫ് പിഎംഎവൈ ജനറൽ 2024-25 | ഓരോ ഗുണഭോക്താവിന്റെ പേരിലും വ്യത്യസ്ത നമ്പറുകളുള്ള ഭൗതിക ഫയൽ | 7,20,000 | J-M080400-24000811 /15-03-25 – 4,80,000 രൂപ<br>J-M080400-24001039 /24-03-25 – 2,40,000 രൂപ | 1. കേന്ദ്ര വിഹിതം വിനിയോഗിച്ചതിന്റെ ചെലവ് വിവരങ്ങൾ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>2. ഓരോ ഗുണഭോക്താവിനും വിവിധ ഫണ്ടുകളിൽ നിന്ന് നല്കിയ ഗഡുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തി അവരുടെ പേരിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിപിആർ രജിസ്റ്ററിൽ 2024-25 ലെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 വരെയുള്ള വിവരങ്ങൾ എഴുതിയതായി കാണുന്നുണ്ടെങ്കിലും അവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ആയതിന്റെ ആധികാരികത ഉറപ്പു വരുത്താനാകുന്നില്ല. |
| 5 | 32/25 ലൈഫ് പിഎംഎവൈ പട്ടികജാതി 2024-25 | ഓരോ ഗുണഭോക്താവിന്റെ പേരിലും വ്യത്യസ്ത നമ്പറുകളുള്ള ഭൗതിക ഫയൽ | 3,20,000 | J-M080400-24000923 /20-02-25 -2,40,000 രൂപ<br>J-M080400-24000654 /15-03-25 -80,000 രൂപ | 1. വികസന ഫണ്ട് വിനിയോഗിച്ച് തുക നല്കിയ ലീല കതിരാൻ (80,000) എന്ന ഗുണഭോക്താവിന്റെ ഫയൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.<br>2. കേന്ദ്ര വിഹിതം വിനിയോഗിച്ചതിന്റെ ചെലവ് വിവരങ്ങൾ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>3.ഓരോ ഗുണഭോക്താവിനും വിവിധ ഫണ്ടുകളിൽ നിന്ന് നല്കിയ ഗഡുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തി അവരുടെ പേരിന്റെ അടിസ്ഥാനത്തിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | തയ്യാറാക്കിയ ഡിപിആർ രജിസ്റ്ററിൽ 2024-25 ലെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 വരെയുള്ള വിവരങ്ങൾ എഴുതിയതായി കാണുന്നുണ്ടെങ്കിലും അവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ആയതിന്റെ ആധികാരികത ഉറപ്പു വരുത്താനാകുന്നില്ല. |
| 6 | 46/25 നഗരസഭ ലൈബ്രറിയ്ക്ക് പുസ്തകങ്ങൾ വാങ്ങൽ | ഫയൽ വിവരം ലഭ്യമല്ല | 69,489 | J-M080400-24001190 /25-03-25 | പ്രോജക്റ്റ് ഫയൽ, ടിആർ 59, യുടിആർ, ഇൻവോയ്സ് , സ്റ്റോക്ക് രജിസ്റ്റർ എന്നീ രേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 7 | 110/25- പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 179412 (കെ സ്മാർട്ട്) | 5,00,000 (വികസനഫണ്ട് എസ് സി പി) | J-M080400-24000652 /24-03-25 | പ്രോജക്റ്റ്, 5/3/25 ൽ ചെയർപേഴസ്ൺ ഫീസിബിലിറ്റി സാക്ഷ്യപത്രം ആവശ്യപ്പെട്ട് നല്കിയ കത്ത് എന്നിവ ഫയലിൽ ഉണ്ട്. എന്നാൽ ടിആർ 59, യുടിആർ, തുക നല്കിയതിന്റെ മറ്റ് വിവരങ്ങൾ തുടങ്ങി ചെലവ് രേഖകൾ ഒന്നും ഫയലിൽ ഇല്ല |
| 8 | 117/25-അമൃത പദ്ധതി നഗരസഭ വിഹിതം നല്കൽ | 2878619 (കെ സ്മാർട്ട്) | 33,43,762 | P-M080400-24001593/ 31-3-2025 | പ്രോജക്റ്റ്, ബില്ല് റിജക്ഷൻ സംബന്ധിച്ച മെയിൽ പകർപ്പ് എന്നിവ മാത്രം ഫയലിൽ ഉള്ളൂ. ടിആർ 59 , യുടിആർ, തുക നല്കിയതിന്റെ മറ്റ് വിവരങ്ങൾ തുടങ്ങി ചെലവ് രേഖകൾ ഒന്നും ഫയലിൽ ഇല്ല |
| 9 | 146/25 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | ഭൗതിക ഫയൽ | 2,10,000 | J-M080400-24001165 / 10-05-24 – 60,000 രൂപ<br>J-M080400-24000736 / 10-05-24 – 1,50,000 രൂപ | ഫയൽ, ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |
| 10 | 145/25 വജ്രജൂബിലി കലാകാരൻമാർക്കുള്ള നഗരസഭ വിഹിതം | 2829762 (കെ സ്മാർട്ട്) | 2,02,500 | J-M080400-24001068 / 21-12-2024 – | നിഷ ടി. എസ്., വിനിത എ.ടി., രാംദാസ് എം. എൻ. എന്നവർക്ക് 4 |

| | | | | | |
|---|---|---|---|---|---|
| | | | | 11,2500 രൂപ | മാസത്തെയും അഖിൽ വിജയൻ എന്നയാൾക്ക് 3 മാസത്തേയും ഫെല്ലോഷിപ്പ് 7,500 രൂപ നിരക്കിൽ നല്കിയതിന്റെ കാൽകുലേഷൻ ഷീറ്റ്, പ്രോജക്റ്റ് എന്നിവ ഫയലിൽ ഉണ്ട്. ഇത് പ്രകാരം 15 മാസത്തെ ഫെല്ലോഷിപ്പ് 7,500 രൂപ നിരക്കിൽ ആകെ 1,12,500 രൂപ വരുന്നുള്ളൂ. ടിആർ 59, യുടിആർ, സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ സാക്ഷ്യപത്രം, തുക നല്കിയതിന്റെ മറ്റ് വിവരങ്ങൾ, ബാക്കി 90,000 രൂപയുടെ കാൽകുലേഷൻ ഷീറ്റ് തുടങ്ങി ചെലവ് രേഖകൾ ഒന്നും ഫയലിൽ ഇല്ല |
| 11 | 148/25 പട്ടികജാതി വിഭാഗം പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം | 747153 (കെ സ്മാർട്ട്) | 1,25,000 (വികസനഫണ്ട് എസ് സി പി) | J-M080400-24001196 /10-5-24 | ശ്രീമതി ഗീതു വി. വി. യുടെ വിവാഹ സാക്ഷ്യപത്രം, ഗുണഭോക്താവിന്റെയും പിതാവിന്റെയും ജാതി സാക്ഷ്യപത്രം എന്നിവ മാത്രമാണ് ഫയലിൽ ഉള്ളത്. പ്രോജക്റ്റ്, ഗുണഭോക്താവിന്റെ വരുമാനം,താമസം തെളിയിക്കുന്ന രേഖകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ,ടി ആർ 59, യുടിആർ എന്നീ രേഖകൾ ഇല്ല |
| 12 | 149/25 – തുല്യത പരീക്ഷയ്ക്ക് ധനസഹായം | | 1,40,400 (വികസനഫണ്ട്-ജനറൽ) | J-M080400-24000995 / 10-05-24 | ഫയൽ, പ്രോജക്റ്റ്, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല |
| 13 | 41/25 പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പരിശീലനം | 16855881 | 3,18,000 | J-M080400-24000885 /11-07.2025 – 1,02,000 രൂപ J-M080400-24000726 /02.08.2024 – 27,000 രൂപ J-M080400-24000712 | ചെലവ് രേഖകൾ ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | | /03.09.24 – 27,000 രൂപ<br>J-M080400-24000820 /03.10.24 – 27,000 രൂപ<br>J-M080400-24000645 / 19.12.24 – 27,000 രൂപ<br>J-M080400-24001174 /20.12.24 – 27,000 രൂപ<br>J-M080400-24000840 /04.01.25 – 27,000 രൂപ<br>J-M080400-24000790 /07.02.25 -27,000 രൂപ<br>J-M080400-24000703 /06.03.25 – 27,000 രൂപ | |
| 14 | 184/25 പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പരിശീലനം | 16855881 | 34,000 | J-M080400-24000719/ 10-5-24 | ചെലവ് രേഖകൾ ഇല്ല |
| 15 | 444/25 കെ സ്മാർട്ട് പദ്ധതി നടപ്പാക്കുന്നതിനായി ആവശ്യമുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 2321073 | 2,95,720 | J-M080400-24001121 /10.05.24 – 59,935 രൂപ<br>J-M080400-24000801 /10.05.24 – 59,935 രൂപ<br>J-M080400-24000735 /10.05.24 – 59,935 രൂപ<br>J-M080400-24000802 /10.05.24 – 59,935 രൂപ | ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഇല്ല. നഗരസഭ ലഭ്യമാക്കിയ ഈ ഫയൽ നമ്പർ പ്രകാരം 42/25 എന്ന പ്രോജക്റ്റിന്റെ ചെലവ് രേഖകൾ ആണ് ഉള്ളത്. 444/25 ന്റെ പ്രോജക്റ്റ് രേഖകൾ അല്ല |

| | | | | | |
|---|---|---|---|---|---|
| | | | | J-M080400-24000838 /10.05.24 – 800 രൂപ<br>J-M080400-24000810 /10.05.24 – 2,310 രൂപ<br>J-M080400-24000678 /10.05.24 – 52,870 രൂപ | |
| 16 | 348/25 ചാലക്കുടി നഗരസഭയിൽ പടിഞ്ഞാറെ ചാലക്കുടി അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ ആവർത്തന ചെലവുകൾ | വിവിധ ഭൗതിക ഫയലുകൾ /കെ സ്മാർട്ട് ഫയലുകൾ | 5,72,171 | വൗച്ചർ വിവരങ്ങൾ ലഭ്യമല്ല. ആകെ ചെലവ് തുക പദ്ധതി തുക നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്‌വയറിൽ നിന്നും ലഭ്യമാകുന്ന ചെലവ് പത്രിക പ്രകാരം | ഹാജരാക്കിയ ഫയലിൽ ആകെയുള്ള പ്രോജക്റ്റ് ചെലവ് കണക്കാനാകുന്ന രീതിയിൽ ടി ആർ 59 ഇല്ല. ഫയലിലെ നോട്ട് ഫയൽ പ്രകാരം രേഖപ്പെടുത്തിയ ചെലവുകളുടെ ആകെ തുക കണക്കാക്കുമ്പോൾ പദ്ധതി ചെലവ് നിരീക്ഷിക്കുന്ന സുലേഖ പത്രിക/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകയിലേയ്ക്ക് ചെലവ് എത്തുന്നില്ല. ഈ ഫയലുകളിൽ ടിആർ 59, തൻവർഷ പ്രോജക്റ്റ് എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഈ ചെലവുമായി ബന്ധപ്പെട്ട ഫയലാണോ ഹാജരാക്കിയതെന്ന് ഉറപ്പ് വരുത്താനാകുന്നമില്ല. |
| 17 | 349/25 ചാലക്കുടി നഗരസഭയിൽ പോട്ടയിൽ അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ ആവർത്തന ചെലവുകൾ | വിവിധ ഭൗതിക ഫയലുകൾ /കെ സ്മാർട്ട് ഫയലുകൾ | 4,05,500 | വൗച്ചർ വിവരങ്ങൾ ലഭ്യമല്ല. ആകെ ചെലവ് തുക പദ്ധതി തുക നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്‌വയറിൽ നിന്നും ലഭ്യമാകുന്ന ചെലവ് പത്രിക പ്രകാരം | |
| 18 | 350/25 ചാലക്കുടി നഗരസഭയിൽ പോട്ടയിൽ അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ ആവർത്തന ചെലവുകൾ | വിവിധ ഭൗതിക ഫയലുകൾ /കെ സ്മാർട്ട് ഫയലുകൾ | 3,96,895 | വൗച്ചർ വിവരങ്ങൾ ലഭ്യമല്ല. ആകെ ചെലവ് തുക പദ്ധതി തുക നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്‌വയറിൽ നിന്നും ലഭ്യമാകുന്ന ചെലവ് പത്രിക പ്രകാരം | |
| 19 | 351/25 ചാലക്കുടി നഗരസഭയിൽ അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ ആവർത്തന ചെലവുകൾ | വിവിധ ഭൗതിക ഫയലുകൾ /കെ സ്മാർട്ട് ഫയലുകൾ | 3,69,990 | വൗച്ചർ വിവരങ്ങൾ ലഭ്യമല്ല. ആകെ ചെലവ് തുക പദ്ധതി തുക നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്‌വയറിൽ നിന്നും ലഭ്യമാകുന്ന ചെലവ് പത്രിക പ്രകാരം | |
| 20 | 352/25 ചാലക്കുടി നഗരസഭയിൽ അർബൻ ഹെൽത്ത് | വിവിധ ഭൗതിക ഫയലുകൾ /കെ സ്മാർട്ട് ഫയലുകൾ | 2,65,022 | വൗച്ചർ വിവരങ്ങൾ ലഭ്യമല്ല. ആകെ ചെലവ് തുക പദ്ധതി | |

| | | | | | |
|---|---|---|---|---|---|
| | വെൽനെസ്സ് സെന്ററിന്റെ ആവർത്തന ചെലവുകൾ | | | തുക നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്‌വയറിൽ നിന്നും ലഭ്യമാകുന്ന ചെലവ് പത്രിക പ്രകാരം | |
| 21 | 353/25 ചാലക്കുടി നഗരസഭയിൽ അർബൻ ഹെൽത്ത് വെൽനെസ്സ് സെന്ററിന്റെ ആവർത്തന ചെലവുകൾ | വിവിധ ഭൗതിക ഫയലുകൾ /കെ സ്മാർട്ട് ഫയലുകൾ | 3,82,750 | വൗച്ചർ വിവരങ്ങൾ ലഭ്യമല്ല. ആകെ ചെലവ് തുക പദ്ധതി തുക നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്‌വയറിൽ നിന്നും ലഭ്യമാകുന്ന ചെലവ് പത്രിക പ്രകാരം | |
| 22 | 359/25 തുല്യത പരീക്ഷയ്ക്ക് ധനസഹായം | 2779136 | 47,450 ( വികസനഫണ്ട്- ജനറൽ) | J- M080400-24000877 /24-3-25 | തുക അടവാക്കുന്നതിനായി ജില്ലാ സാക്ഷരത മിഷനിൽ നിന്നും നല്കിയ കത്ത്, പ്രോജകറ്റ് എന്നിവ മാത്രമെ ഫയലിൽ ഉള്ളൂ. അതിൽ ഡിമാന്റ് ചെയ്തിരിക്കുന്നത് ആകെ 49,450 രൂപ മാത്രമാണ്. ഗുണഭോക്താക്കളുടെ വിവരങ്ങൾ, ടി ആർ 59, യുടിആർ എന്നീ രേഖകൾ ഇല്ല |
| 23 | 516/25 വൃത്തി 2025 – ദി ക്ലീൻ കേരള കോൺക്ലേവ് | 739995 | 2,00,000 | J- M080400-24000732/ 24-03-2025 | പ്രോജക്റ്റ്, വിനിയോഗ സാക്ഷ്യപത്രം, ടിആർ 59, യുടിആർ എന്നിവഇല്ല . പ്രോജക്റ്റുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, കത്ത് എന്നിവ മാത്രമെ ഫയലിൽ ഉള്ളൂ. |
| | | ആകെ | 1,21,92,127 | | |

(എ) ഓഡിറ്റ് റിക്വസിഷൻ നമ്പർ 1 തീയ്യതി 16.2.26, 4 തീയ്യതി 20.2.26, ഓഡിറ്റ് എൻക്വയറി 29 തീയ്യതി 26.2.26 എന്നിവ പ്രകാരം മേൽ രേഖകൾ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കുന്നതുവരെ/അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 1,21,92,127 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

(ബി) സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ച രീതിയിൽ എല്ലാ ഫയലുകളും അനുബന്ധ രേഖകൾ ഉൾപ്പെടെ കെ സ്മാർട്ടിൽ അപ്‌ലോഡ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് കൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

(സി) ഫയലുകളിൽ പ്രോജക്റ്റ് വിവരങ്ങൾ, ഫയൽ വിവരങ്ങൾ, വൗച്ചർ വിവരങ്ങൾ എന്നിവ യാന്ത്രികമായി പരസ്പരം ബന്ധപ്പെടുത്തി വരുന്നതിന് സോഫ്റ്റ്‌വെയറിൽ സംവിധാനം ഉണ്ടാകുന്നതുവരെ പ്രോജക്റ്റ് നമ്പർ, അതിന്റെ ഫയൽ നമ്പർ, അതിന്റെ വൗച്ചർ ചെലവ് വിവരങ്ങൾ എന്നിവ തമ്മിൽ പരസ്പരം ബന്ധപ്പെടുത്തുന്നതിന് ഈ വിവരങ്ങൾ നോട്ട് ഫയലിൽ പ്രോജക്റ്റ് നമ്പർ ചേർക്കേണ്ടതും പ്രോജക്റ്റ് അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ചെലവ് ബന്ധപ്പെടുത്തി പരിശോധിക്കുന്നതിന് ടി ആർ 59 അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## 1-33 മുനിസിപ്പൽ പെൻഷൻ ഫണ്ട് -അവലോകനം

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസമൊത്തവേതനത്തിന്റെ 15% പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. പെൻഷൻ വിഹിതം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നുണ്ടെങ്കിലും 2021 നവംബർ മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല. നഗരകാര്യഡയറക്ടറേറ്റിൽ നിന്നും പെൻഷൻ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിലാണ് ഇപ്രകാരം തുക അടവാക്കാതെ വന്നത്.

കേരള മുനിസിപ്പൽ കോമൺ സർവീസിൽ നിന്ന് വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിന് വേണ്ടിയാണ്_10/91 ൽ സെൻട്രൽ പെൻഷൻ സ്കീം ആരംഭിച്ചിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ തുക നീക്കിയിരുപ്പ് ഇല്ലാത്ത സാഹചര്യം സംജാതമായപ്പോൾ നഗരസഭകളിൽ നിന്ന് വിരമിക്കുന്ന റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് അധികഫണ്ട് അനുവദിക്കില്ല എന്ന വ്യവസ്ഥയിൻമേൽ നഗരസഭകൾക്ക് ജനറൽ പർപസ് ഗ്രാന്റ് തുകയിൽ നിന്ന് പെൻഷൻ നൽകുന്നതിനാവശ്യമായ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി 04.03.2016 ലെ സ.ഉ.(എം എസ്)49/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.ജനറൽ പർപസ് ഗ്രാന്റിൽ തുക നീക്കിയിരുപ്പില്ലാത്ത സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കാവുന്നതാണ് എന്ന് നഗരകാര്യഡയറക്ടറുടെ പി7/38067/2017 തീയതി. 28.7.21 സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ റഗുലർ വിഭാഗത്തിൽ 20 പെൻഷൻകാരും കുടുംബപെൻഷൻ വിഭാഗത്തിൽ 21 പേരും ഉണ്ട്. കണ്ടിജന്റ് വിഭാഗത്തിൽ 27 പെൻഷൻ , 6 ഫാമിലി പെൻഷൻ, 5 എക്സ്ഗ്രേഷ്യാ പെൻഷൻ എന്നിങ്ങനെ പെൻഷൻ കൈപറ്റുന്നവർ ഉണ്ട്.

പെൻഷൻ ആവശ്യത്തിനായി ചാലക്കുടി മുനിസിപ്പാലിറ്റിയിൽ HDFC എന്ന അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ തുക തനതുഫണ്ടിൽ സൂക്ഷിക്കുകയും പിന്നീട് പെൻഷൻ ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ഉപയോഗിക്കുകയുമാണ് ചെയ്തുവന്നിരുന്നത്. നിലവിൽ പെൻഷൻ ഫണ്ട് അക്കൌണ്ടിലേക്ക് തുക ട്രാൻസഫർ ചെയ്യുന്നില്ല. നേരിട്ട് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്യുന്നത്.

2019-20 സാമ്പത്തികവർഷം നഗരകാര്യഡയക്ടറേറ്റിൽ നിന്ന് അലോട്മെന്റ് ഇനത്തിൽ (P6/18226/16 Dated 05.05.2020) 26,01,364 രൂപയാണ് ലഭിച്ചിട്ടുള്ളത്. ആയതിന് ശേഷം അലോട്ട്മെന്റ് ലഭ്യമായിട്ടില്ല. 31.03.2024 വരെ പെൻഷൻ ഫണ്ട് ഇനത്തിൽ 5,01,49,310 രൂപ ലഭിക്കുവാൻ ഉണ്ട്. പെൻഷൻ വിഹിതമായി 2023-24 വരെയുള്ള 3,01,17,379 രൂപയും 2024-25 സാമ്പത്തിക വർഷം പിരിച്ചെടുത്ത 26,60,261 രൂപയും ഉൾപ്പെടെ 3,27,77,640 രൂപ അടവാക്കുവാൻ ഉണ്ട്.

ജനറൽ പർപ്പസ് ഗ്രാന്റ്, തനതുഫണ്ട് എന്നിവയിൽ നിന്ന് റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ,പെൻഷൻ ആനുകൂല്യങ്ങൾ എന്നിവക്കായി 2024-25 സാമ്പത്തികവർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജനറൽ പർപ്പസ് ഗ്രാന്റ് | തനതുഫണ്ട് | ആകെ |
|---|---|---|
| 26,15,712 | 1,00,31,495 | 1,26,47,207 |

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ, ചട്ടം 11(4) പ്രകാരം പെൻഷൻ ഗ്രാറ്റുവിറ്റി നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയം പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളിൽ പെൻഷൻ പേയ്മെന്റ് ഓർഡർ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ, അലോട്ട്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് വിവരം പരിശോധിച്ച് ഉറപ്പാക്കിയ രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പെൻഷൻ പറ്റിയ ജീവനക്കാരുടെ ആണെന്ന് ബോധ്യപ്പെടുവാൻ ഓഡിറ്റിന് ആയിട്ടില്ല. പെൻഷണർമാരുടെ ബാങ്ക് പാസ്സ് ബുക്ക് പകർപ്പുകൾ സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-34 ഹെൽത്ത് ഗ്രാൻറ് അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

A. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

നഗരപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റു ആരോഗ്യ സ്ഥാപനങ്ങളിലും 64 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇതു പ്രാവർത്തികമാക്കുന്നതിനു വേണ്ടി നഗരഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയ ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി നഗരപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നഗര സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും മറ്റ് ആശുപത്രികളിലും താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

1. ഉപകരണങ്ങൾ വാങ്ങൽ

2. പരിശോധനയ്ക്ക് വേണ്ട റീഏജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ

3. ഉപകരണങ്ങൾ, റീഏജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ

4. ആരോഗ്യ കേന്ദ്രങ്ങളിൽ ചെയ്യുവാൻ പറ്റാത്ത ടെസ്റ്റുകളുടെ സാമ്പിൾസ് എടുത്ത് മുകൾത്തട്ടിലുള്ള

ലാബുകളിലേക്ക് കൊണ്ടു പോകുന്നതിനുള്ള സൗകര്യം

5. ഉപകരണങ്ങളുടെ മെയിന്റൻസ്

6. ആരോഗ്യ സ്ഥാപനത്തിലെ ലാബ് ടെക്നീഷ്യൻസ്, ഫീൽഡ് സ്റ്റാഫ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിനു വേണ്ട പരിശീലനം

7. മോണിറ്ററിംഗ് ചെലവുകൾ

8. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ

9. ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങൽ

B. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

ഈ സ്കീമിനു രണ്ടു ഘടകങ്ങളാണുള്ളത് (എ) അർബൻ ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങൾ (ബി) അർബൻ പോളിക്ലിനിക്കുകൾ

താഴെ പറയുന്ന സേവനങ്ങൾ ആണ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിൽ നിന്നും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

1. ആരോഗ്യ വർദ്ധന സേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

2. രോഗ പ്രതിരോധപ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

3. വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

4. അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

5. രോഗചികിത്സാസൗകര്യങ്ങൾ - പകർച്ചവ്യാധികൾ, ജീവിതശൈലീരോഗങ്ങൾക്കുള്ള ചികിത്സ

6. ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

7. ദീർഘകാല രോഗങ്ങൾക്ക് ചികിത്സ, മാനസിക സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

8. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ

അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉള്ള മുനിസിപ്പാലിറ്റികളിൽ ഒരു അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിന് മൂന്ന് പുതിയ ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്ന നിരക്കിലും മറ്റു നഗരഭരണസ്ഥാപനങ്ങളിൽ രണ്ട് പുതിയ ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്ന നിരക്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.

മേൽപ്പറഞ്ഞ ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾ കൂടാതെ പൊതുജനങ്ങൾക്ക് സ്പെഷ്യാലിറ്റി സർവീസ് ലഭ്യമാക്കുന്നതിന് പോളിക്ലിനിക്കുകൾ ആരംഭിക്കാവുന്നതാണ്. എല്ലാ അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള PHC/CHC/FHC കളിലോ പുതുതായി തുടങ്ങുന്ന ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിലോ ഏതെങ്കിലും ഒരിടത്ത് അർബൻ പോളിക്ലിനിക്ക് ആരംഭിക്കാവുന്നതാണ്. അർബൻ പോളിക്ലിനിക്കിൽ വിവിധ സ്പെഷ്യാലിറ്റി സേവനങ്ങൾ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം എന്ന രീതിയിൽ ലഭ്യമാക്കാവുന്നതാണ്.

ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

ചാലക്കുടി മുനിസിപ്പാലിറ്റി – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഒരു താലൂക്ക് ആശുപത്രിയും ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും(വി.ആർ പുരം) 3 ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. ചാലക്കുടി നഗര സഭയിലെ ആകെ ജനസംഖ്യ 54579 ആണ്. ചാലക്കുടി നഗര സഭയിൽ 37 വാർഡുകളും,14,850 വീടുകളുമുണ്ട്. പാലിയേറ്റിവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ മുനിസിപ്പാലിറ്റിക്ക് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാമൂഹ്യ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ മുനിസിപ്പാലിറ്റിക്ക് സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ.ഭ.വ. തീയതി 09-08-2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് മുനിസിപ്പാലിറ്റി 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരവ്

| സ്കീം. | സ്കീമിന്റെ പേര് | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹)വ് |
|---|---|---|---|---|---|
| 6 | Grants For Specific Purposes-Health Grant Towards Building Less Subcentres | 1,33,000,00 | 672000 | 15,00,000 | 2550000 |
| 5 | Grants For Specific Purposes-Health | | 3447000 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| | Grant Towards Support For Diagnostic Infra | | | | |
| 7 | Unicersalization Of Palliative Care In Urban Pocket | 24,00,000 | | | |
| 8 | Cancer | 2,05,000 | | | |
| 9 | Recurring Cost UPHC & Urban Area | 2,89,000 | 29,00,000 | | |

ചെലവ്

| സ്കീം | | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) | Total |
|---|---|---|---|---|---|---|
| 6 | Grants For Specific Purposes-Health Grant Towards Building Less Subcentres | 12239142 | 0 | 0 | 0 | 12239142 |
| 5 | Grants For Specific Purposes-Health Grant Towards Support For Diagnostic Infra | | 0 | 0 | 0 | |
| 7 | Unicersalization Of Palliative Care In Urban Pocket | 24,00,000 | | | | 24,00,000 |
| 8 | Cancer | 2,05,000 | | | | 2,05,000 |
| 9 | Recurring Cost UPHC & Urban Area | 2,89,000 | 29,00,000 | | | 31,89,000 |

| ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ | |
|---|---|
| സ്കീം6- കാനറ ബാങ്ക്( 110049789095) | 2204664 |
| സ്കീം 5 -CANARA BANK PFMS HEALTH | 9263799 |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തിൽ ഡെന്റൽ ക്ലിനിക് നിർമ്മിക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് ലഭിച്ച 60,00,000 രൂപ ചാലക്കുടി താലൂക്ക് ആശുപത്രി വികസന സമിതിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ചാലക്കുടി താലൂക്ക് ആശുപത്രി, 2024-25 സാമ്പത്തിക വർഷം വരെ, യാതൊരു നിർമ്മാണ പ്രവൃത്തികളും ഈ

തുക കൊണ്ട് നിർവ്വഹിച്ചിട്ടില്ല. ആതുര സേവന മേഖലയിൽ മുനിസിപ്പാലിറ്റി പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിലെ പരിമിതികളും അപാകതകളും-ഓഡിറ്റ് അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് അഥവാ കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ നിലവിൽ വരുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുക എന്നതാണ് ലക്ഷ്യം. തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുകയാണ് കെ-സ്മാർട്ടിലൂടെ. ഇത്തരത്തിൽ സമ്പൂർണ ഓൺലൈൻ സംവിധാനങ്ങളിലേക്ക് മാറുന്ന സാഹചര്യത്തിൽ നഗരസഭയുടെ വരവ് ചെലവ് ഇനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കൽ നിർബന്ധിത ഘടകമാണ്. 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പരിശോധനയുടെ ഭാഗമായി കെ-സ്മാർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ പരിപാലിക്കപ്പെടുന്ന ധനകാര്യ, വരവ്-ചെലവ്, നികുതി, ലൈസൻസ്, ബാങ്ക് റീക്കൺസിലിയേഷൻ തുടങ്ങിയ വിവരങ്ങളുടെ പരിശോധനയിൽ സോഫ്റ്റ്‌വെയർ സംവിധാനത്തിൽ ഘടനാപരമായും പ്രായോഗികമായും നിയന്ത്രണപരമായും നിരവധി പരിമിതികൾ നിലനിൽക്കുന്നതായി കണ്ടെത്തി. പ്രധാന റിസ്കുകളും അപാകതകളും ചുവടെ ചേർക്കുന്നു

1. നിയമപരവും ഭരണപരവുമായ വിഷയങ്ങൾ

- കാലതാമസവും മാൻഡേറ്റും: 2024-25 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് ജൂലൈ 31-നകം സമർപ്പിക്കേണ്ടതാണെങ്കിലും കെ-സ്മാർട്ട് മുഖേനയായതിനാൽ മാസങ്ങളുടെ കാലതാമസം നേരിട്ടു. (28.02.2026 തീയതിയിലാണ് വാർഷിക കണക്കുകൾ പിഴവുകൾ പരിഹരിച്ചു സമർപ്പിച്ചത്). കൂടാതെ, കെ-സ്മാർട്ട് ഉപയോഗിക്കുന്നതിനുള്ള മാൻഡേറ്റ് കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ ഓഡിറ്റ് ചട്ടങ്ങളിലോ ഭേദഗതി വരുത്തി ഉൾപ്പെടുത്തിയിട്ടില്ല.
- ഓഡിറ്റ് സ്വഭാവം നഷ്ടപ്പെടുന്നു: ഓഡിറ്റർമാർക്ക് ആവശ്യമായ പ്രിവിലേജുകളുള്ള ലോഗിൻ നൽകുന്നതിന് പകരം പരിമിതമായ സൗകര്യങ്ങളുള്ള 'എംപ്ലോയീസ് ലോഗിൻ' ആണ് നൽകിയിരിക്കുന്നത്. ഇത് ഓഡിറ്റിനെ സ്ഥാപനത്തിൽ നിന്നും സ്വതന്ത്രമാക്കി നിർത്തണം എന്ന അടിസ്ഥാനതത്വത്തിന് വിരുദ്ധമാണ്. കൂടാതെ ആവശ്യപ്പെട്ട പല രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

2. സിസ്റ്റം ആക്സസും റിപ്പോർട്ടിംഗ് പരിമിതികളും

- റിപ്പോർട്ടുകളുടെ അഭാവം: ഓഡിറ്റർ ലോഗിനിൽ സമഗ്രമായ 'Reports' മോഡ്യൂൾ ലഭ്യമല്ല. മുനിസിപ്പൽ തലത്തിലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ ലഭ്യമല്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിൽ മാത്രമാണ് വിവരങ്ങൾ ലഭ്യമാകുന്നത്. ഉദാ: വസ്തു നികുതി അസ്സസ്മെന്റ് രജിസ്റ്റർ

3. ധനകാര്യ നിർവ്വഹണവും അക്കൗണ്ടിംഗും

- മുൻകൂർ നികുതികൾ: അടുത്ത വർഷത്തെ റവന്യൂ വരവ് രേഖപ്പെടുത്താൻ ഒരു ഹെഡ് (35041014) മാത്രമാണുള്ളത്. തൊഴിൽ നികുതി, കെട്ടിടനികുതി, ലൈസൻസ്, വാടക തുടങ്ങി എല്ലാ വരവുകളുടെയും മുൻകൂർ ആയി ലഭിച്ച തുക ഒറ്റ ഹെഡിൽ രേഖപ്പെടുത്തുന്നതിനാൽ ഏതൊക്കെ ഇനത്തിൽ എത്ര രൂപയാണ് മുൻകൂർ ആയി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.
- റിപ്പോർട്ടുകളിലെ പൊരുത്തക്കേടുകൾ: ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ടിൽ കൗണ്ടർ വരവുകൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ; ഇ-പോസ്, ഓൺലൈൻ വരവുകൾ ഉൾപ്പെടുന്നില്ല.
- രജിസ്റ്ററുകളുടെ അഭാവം: അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR), ബിൽ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ല. പഴയ സോഫ്റ്റ്‌വെയറുകളിൽ നിന്നുള്ള ഡാറ്റ കെ-സ്മാർട്ടിലേക്ക് മാറ്റിയപ്പോൾ കൃത്യത പരിശോധിച്ചിട്ടില്ല.
- ജേർണൽ എൻട്രികൾ: ജേണൽ എൻട്രികൾക്ക് അനുബന്ധ രേഖകളോ വിശദീകരണങ്ങളോ ഇല്ല, ഇവ റിപ്പോർട്ടുകളിൽ കൃത്യമായി പ്രതിഫലിക്കുന്നുമില്ല. ഉദാ: ഏതെങ്കിലും വരവ് ശീർഷകത്തിലെ തെറ്റ് ജേർണൽ

എൻട്രികൾ മുഖേന തിരുത്തിയാലും ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ടിൽ തെറ്റ് തിരുത്തിയ ജേർണൽ എൻട്രി പ്രതിഫലിക്കുന്നില്ല.

- ചെക്ക് രജിസ്റ്റർ: ചെക്ക് രജിസ്റ്ററുകളിലും പേയ്മെന്റ് ലിസ്റ്റുകളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
- കോൺട്രാ വൗച്ചറുകൾ: കോൺട്രാ വൗച്ചറുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യം കെ- സ്മാർട്ടിൽ ലഭ്യമല്ല.
- ഗ്രാന്റ്: ഗ്രാന്റ് വരവുകൾ പരിശോധിക്കാൻ സൗകര്യമില്ല.

4. റീകൺസിലിയേഷനും ബാങ്കിംഗും

- റീകൺസിലിയേഷൻ: റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ചെക്കുകളുടെ നമ്പർ, തീയതി, തുക, നരേഷൻ എന്നിവ ശരിയായി ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് എക്സെൽ ഫോർമാറ്റിലേക്ക് മാറ്റി അപ്ലോഡ് ചെയ്യുന്നത് ഓഡിറ്റർക്ക് പരിശോധിക്കാൻ സാധിക്കുന്നില്ല.
- ബാങ്ക് സ്റ്റേറ്റ്മെന്റുകൾ : സാമ്പത്തിക പ്രസ്താവനകളിൽ കാണിച്ചിരിക്കുന്ന ബാങ്ക് ബാലൻസുകൾ ബുക്ക് ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെന്നും അവ ബാങ്കർമാർ സ്ഥിരീകരിച്ചിട്ടുണ്ടെന്നും ആ സ്ഥിരീകരണങ്ങളുമായി (Confirmation) പൊരുത്തപ്പെടുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ബാങ്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളവയല്ല. ആയതിനാൽ അവയുടെ കൃത്യത ഓഡിറ്റിന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
- ചെക്കുകളും ഇ-പേയ്മെന്റുകളും: ചെക്ക് രജിസ്റ്ററിൽ ചെക്ക് പണമായി മാറിയ തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ ഇ-പോസ്/ഇ-പേ മുഖേന സ്വീകരിക്കുന്ന തുകകൾ ബാങ്കിൽ ക്രെഡിറ്റ് ആകാൻ കാലതാമസം നേരിടുന്നുണ്ട്, ഇതിന്റെ റിപ്പോർട്ടുകൾ ഡേ ബുക്കുമായി പൊരുത്തപ്പെടുന്നില്ല.
- മാസാന്ത്യ റീക്കൺസിലിയേഷൻ: മാസാന്ത്യ റീക്കൺസിലിയേഷൻ സമയബന്ധിതമായി നടത്തിയിട്ടില്ല.

5. വസ്തുനികുതിയും കെട്ടിട നിർമ്മാണ പെർമിറ്റും

- പഴയ കുടിശ്ശിക വിവരങ്ങൾ ലഭ്യമല്ല: സഞ്ചയ സോഫ്റ്റ്വെയറിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക കെ-സ്മാർട്ടിലേക്ക് മാറ്റിയിട്ടില്ല. അതിനാൽ ആകെ കുടിശ്ശിക കണക്കാക്കാനാകുന്നില്ല.
- സോർട്ടിംഗ് സംവിധാനത്തിലെ കുറവുകൾ: സഞ്ചയ സോഫ്റ്റ്വെയറിലെ പോലെ പുതിയ കെട്ടിടങ്ങൾ, ഉപയോഗക്രമം, അനധികൃത കെട്ടിടങ്ങൾ എന്നിവ നഗരസഭാ അടിസ്ഥാനത്തിൽ പൂർണ്ണമായി Sort ചെയ്യാൻ കെ-സ്മാർട്ടിൽ സാധിക്കുന്നില്ല, വാർഡ് തിരിച്ച് മാത്രമേ സാധ്യമാകൂ.
- നികുതി ഇളവുകൾ: വേക്കൻസി റമിഷൻ, എക്സ് സർവ്വീസ്മെൻ, 60 ച.മീ താഴെയുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് നൽകിയ നികുതി ഇളവുകളുടെ എന്നിവയുടെ വിവരങ്ങൾ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല.
- രേഖകളിലെ അവ്യക്തത: കെ-സ്മാർട്ടിലെ കംപ്ലീഷൻ പ്ലാനുകൾ അവ്യക്തമാണ്. തറ വിസ്തീർണ്ണം, റോഡ് വിവരങ്ങൾ, പാർക്കിംഗ് പ്ലാൻ എന്നിവ പലതിലും ഇല്ല, ചിലതിൽ പ്ലാൻ തന്നെ അപ്ലോഡ് ചെയ്തിട്ടില്ല. ഫോം-6 ഡൗൺലോഡ് പരാജയപ്പെടുന്നതും, പെർമിറ്റും ടാക്സ് അസസ്മെന്റും തമ്മിൽ ലിങ്ക് ഇല്ലാത്തതും പരിശോധനയെ ബാധിക്കുന്നു.
- രജിസ്റ്ററുകൾ ലഭ്യമല്ല: ന്യൂ ബിൽഡിംഗ് രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളുടെ പട്ടിക, പൊളിച്ച് നീക്കിയ കെട്ടിടങ്ങളുടെ രജിസ്റ്റർ എന്നിവ ലഭ്യമല്ല. നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങളും ഓഡിറ്റർക്ക് ലഭ്യമല്ല.

6. ലൈസൻസുകൾ, തൊഴിൽ നികുതി, പെൻഷൻ

- തെറ്റായ സ്റ്റാറ്റസ്: ലൈസൻസ് ഫീസ് അടക്കാത്ത അപേക്ഷകൾക്കും കെ-സ്മാർട്ടിൽ 'അപ്രൂവ്ഡ്' എന്ന് കാണിക്കുന്നത് ആശയക്കുഴപ്പമുണ്ടാക്കുന്നു. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പരിശോധിക്കാനും സംവിധാനമില്ല.
- ഡി.സി.ബി (DCB) രജിസ്റ്റർ ലഭ്യമല്ല: ലൈസൻസുകൾ, ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷണൽ തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയുടെ കൺസോളിഡേറ്റഡ് DCB രജിസ്റ്ററുകൾ ലഭ്യമല്ല.
- സോഷ്യൽ സെക്യൂരിറ്റി: സാമൂഹ്യസുരക്ഷാ പെൻഷൻ പരിശോധനയ്ക്കുള്ള പ്രത്യേക മോഡ്യൂളോ രജിസ്റ്ററോ പരിപാലിച്ചിട്ടില്ല

7. പ്രായോഗിക ബുദ്ധിമുട്ടുകളും സോഫ്റ്റ്‌വെയർ പോരായ്മകളും

- വൗച്ചർ പരിശോധന: Bill Register, Voucher Reports എന്നിവ ലഭ്യമല്ല. വൗച്ചറുകൾ ക്രൊണോളജിക്കൽ ഓർഡറിലല്ലാത്തതിനാൽ തിരയാൻ ബുദ്ധിമുട്ടാണ്. ഒരു ഫയലിന്റെ കൂടെയുള്ള എല്ലാ അറ്റാച്ച്മെന്റുകളും ഒന്നിച്ച് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്തതും അവ്യക്തമായി സ്കാൻ ചെയ്തിരിക്കുന്നതും പരിശോധന ദുഷ്കരമാക്കുന്നു.
- ഇന്റഗ്രേഷൻ ഇല്ലായ്മ പ്രൊജക്ട് യൂണിറ്റും ഇ-ഗ്രാം സ്വരാജും (PFMS) കെ-സ്മാർട്ടുമായി ലിങ്ക് ചെയ്യാത്തതിനാൽ പ്രൊജക്ട് ചെലവുകൾ പരിശോധിക്കാനാകുന്നില്ല. പഴയ സോഫ്റ്റ്‌വെയറുകളിൽ (Sulekha, Sankhya, Sakarma) നിന്നുള്ള ഡാറ്റ കെ-സ്മാർട്ടിലേക്ക് മാറ്റിയപ്പോൾ ക്രോസ് ചെക്കിംഗ് നടത്തിയിട്ടുമില്ല.
- രസീത് പരിശോധന: ക്യാൻസൽ ചെയ്ത രസീതുകൾ ഒരു ദിവസത്തേക്കും ഒരു കൗണ്ടറിലേക്കും മാത്രമായി സെർച്ച് ചെയ്യാൻ മാത്രമേ സാധിക്കുന്നുള്ളൂ.
- വരവ് പരിശോധന: ഗ്രാന്റ്/ലേലം വരവുകൾ പരിശോധിക്കാൻ സൗകര്യമില്ല.
- ഫയൽ പരിശോധന: സാമ്പത്തിക വർഷം അടിസ്ഥാനമാക്കി ഫയൽ ഫിൽറ്റർ ചെയ്യാനാകുന്നില്ല.

നിലവിൽ കെ-സ്മാർട്ട് സംവിധാനം ഓഡിറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് പര്യാപ്തമല്ലായെന്നും ധനകാര്യ നിയന്ത്രണത്തിൽ പരിമിതികൾ നിലനിൽക്കുന്നതായും പരിശോധനയിൽ വ്യക്തമായി. ഈ അപാകങ്ങൾ അടിയന്തരമായി പരിഹരിച്ച് നിയമാനുസൃതവും ഓഡിറ്റ് സൗഹൃദവുമായ സമഗ്ര സംവിധാനം വികസിപ്പിക്കേണ്ടതുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റിവൈസ്ഡ് എസ്റ്റിമേറ്റ്- എക്സ്ട്രാ ഇനങ്ങൾക്കായുള്ള സപ്ലിമെന്ററി കരാറിൽ അംഗീകരിച്ച നിരക്കിനൊപ്പം ടെണ്ടർ വ്യതിയാനവും അനുവദിച്ചു-25901 രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 229/25, 16 പുര കോളനി റോഡ് നവീകരണം (സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 3,29,576 (മെയിന്റനൻസ് ഗ്രാന്റ് (റോഡ്)) |
| ചെലവു തുക | 3,25,982- ഫൈനൽ ബിൽ |
| വൗച്ചർ നമ്പർ/ തീയതി | J-M080400-24001206 /06.03.2025 |
| കരാറുകാരന്റെ പേര് | ശ്രീ. ജിജിമോൻ എൻ. എ. |
| എഗ്രിമെന്റ് നമ്പർ/തീയതി | 81/ 2023-24 തീ. 15.02.2024 |
| സപ്ളിമെന്ററി എഗ്രിമെന്റ് നമ്പർ/തീയതി | 81/ 2023-24 (S) തീ. 01.03.2025 |
| നിർവ്വഹണോദ്യഗസ്ഥൻ | അസി. എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 16 പുര കോളനി റോഡിന്റെയും 16 പുര കോളനി റോഡ് ബൈലൈനുകളുടെയും ടാറിംഗ് പ്രവൃത്തികൾക്കുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിനായി കരാറുകാരനായ ജിജിമോൻ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 9.99% ഉയർന്ന നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ എല്ലാ വർഷവും വെള്ളം കയറുന്ന പ്രദേശമായതിനാൽ ടാറിംഗ് മാറ്റി കോൺക്രീറ്റിംഗ് ആക്കണമെന്ന വാർഡ് കൗൺസിലറുടെ അഭ്യർത്ഥനയെത്തുടർന്ന് 11.09.2024-ലെ 9-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനുമായി അനുബന്ധ

കരാറിലേർപ്പെട്ടിരുന്നു. അനുബന്ധ കരാറിന്റെ ഭാഗമായ ഷെഡ്യൂളിൽ വിവരിച്ചിരിക്കുന്ന പ്രവൃത്തികൾ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിലും നിരക്കിലും ചെയ്തു തരാമെന്നാണ് കരാറുകാരൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ എക്സ്ട്രാ ഇനമായി ചെയ്ത ഈ പ്രവൃത്തികൾക്ക് അനുബന്ധ കരാറിന്റെ ഭാഗമായ ഷെഡ്യൂളിലെ നിരക്കിന് പുറമേ 9.99% ടെണ്ടർ അധികം കൂടെ അനുവദിച്ചിട്ടുണ്ട്. അനുബന്ധ കരാറിലെ വ്യവസ്ഥക്കു വിരുദ്ധമായി 9.99% ടെണ്ടർ അധികമായ 25,901.32 രൂപ (ആകെ പ്രവൃത്തി മൂല്യം- 2,51,164.33) കരാറുകാരന് അനുവദിച്ചത് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.4/19.02.2026)

## 3-2 മരുന്നുകൾ ലഭ്യമായില്ല- 8,140 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

വെറ്ററിനറി സർജൻ നടപ്പിലാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചത് പ്രകാരമുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.വെറ്റിനറി സർജൻ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകൾ പ്രകാരം വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| പ്രോജക്റ്റ് | ഫണ്ട്/അടങ്കൽ | വൗച്ചർ നമ്പർ/ തീയ്യതി | തുക | തീയ്യതി |
|---|---|---|---|---|
| 76/25 മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 5,00,000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) | J-M080400-24000943/ 13.11.2024 | 4,99,974 | തൃശ്ശൂർ ജില്ലാ ഗവ: ടീച്ചേർസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി,നീതിമെഡിക്കൽ സ്റ്റോർ,കൊടകരയിൽ നിന്നും ഇൻവോയ്സ് നമ്പർ 21415/07.01.2024 പ്രകാരം 4,99,974 രൂപയുടെ വിവിധ മരുന്നുകൾ വാങ്ങിയതിന് ലിമിറ്റ് ചെയ്ത് നല്കിയ തുക. |

മേൽ പ്രോജക്റ്റിൽ നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയ മരുന്നിൽ ക്രമനമ്പർ 40 ആയി രേഖപ്പെടുത്തിയിട്ടുള്ള " PENDOBAN 1 BOLUS 3GM -30049085 (BATCH EXPIRY 3007-05/26)" 100 എണ്ണം 68രൂപ നിരക്കിൽ 6800 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഈ ബിൽ പ്രകാരം വാങ്ങിയ മരുന്നുകളുടെ രസീത്, ഇഷ്യു, ക്ലോസിംഗ് ബാലൻസ് വിവരങ്ങൾ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ(New) ലാണ് രേഖപ്പെടുത്തി വരുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ തീയ്യതിയിൽ വാങ്ങിയ മരുന്ന് വന്നതായി രേഖപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് നടക്കുന്ന തീയ്യതിയിലെ സ്റ്റോക്ക് ബുക്ക് പരിശോധന പ്രകാരം) . അതായത് നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയ മരുന്നിന്റെ അളവ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

(എ) കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 148 (എ)(i), (Iv) എന്നിവ പ്രകാരം ബിൽ പ്രകാരം ലഭ്യമായ സാധനങ്ങൾ പരിശോധിച്ച് സ്റ്റോക്കിലെടുത്ത ശേഷമേ സപ്ലെയർക്ക് തുക നല്കാവൂ. ഈ ബിൽ പ്രകാരമുള്ള എല്ലാ മരുന്നും ലഭ്യമായി എന്ന് ഉറപ്പാക്കാതെയും, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയും നിർവ്വഹണോദ്യോഗസ്ഥൻ തുക നല്കിയിരിക്കുന്നു.
